# YOUTH VISION

Where there is no vision, people perish



YOUTH VISION

Where there is no vision, people perish

A Quarterly Journal of St. Mary's Orthodox Youth League, Delhi



HZT8`x _:U<TF^H *P

# Contents

" 5U\pTLUBO ........ 1
$3BH\SF^........ 2
[[:EAT8TETB EU*<_*ALUBT^| H@BU[D ! I ........ 3
Hail, Full of Grace, the Lord is with Thee ........ 6
<V [*TD [/BCV8 ........ 8
! <V:U<1VEU8 f UO 8UCVE/< HZT;V<^........ 10
\ELUe /Ux *P........ 11
Blessed Virgin Mary........ 12
Malankara Orthodox church in 2020 ........ 13
World Environment Day Celebrations ........ 14
Adieu to a pen warrior........ 15
Marthoman Smriti........ 16
Sunday school........ 17
[=CV kTP [*T3U\Bp........ 18
! k:T<^ ........ 19



EU[[:EAT8TEU[NL Au_H98BTO ! <V`, I^ `=T=U/ EJCV*BT7 \ITH+TH [HNL \ACVH )TM f \5T*H * f V5OU <T<T1T8UA8H9M ! <V`, I^ `=T=Ud V k =CUFVu \:ETDB f U[NL /U`8^* f V5O EU:_TM r U`=H9T<^`=EM f *N HT1N HAV\EO EC*JUDX[3 =*M f UB8T7 *EM/U`8^

Vol. 20 No. 1
August - 2016

For Private Circulation Only

**President**
Rev. Fr. Shaji George

**Vice President**
Rev. Fr. Johnson Iype

**Secretary**
Alex Mathew

**Treasurer**
Varughese Abraham. T

**Executive Editor**
Jojy Vazhuvady

**Circulation Manager**
Wilson George

**Editorial Board**
V.M. Markose
Jeebo George
John Mathews

**Cover Drawing**
Sajan Samuel

# എഡിറ്റോറിയൽ

## സനാഥനാകാൻ കൊതിച്ച 'അനാഥന്' യാത്രമൊഴി.

ഡൽഹിയിലെ തെരുവീഥിയിൽ മൂന്ന് വർഷം നീണ്ട ജീവിതത്തിൽ നിന്ന് മോചനം പ്രാപിക്കുകയും ബന്ധുമിത്രാധികളെ കാണുവാൻ അവസാനനാളുകളിൽ വാഞ്ചിക്കുകയും ചെയ്ത കൊല്ലം തേവലക്കര സ്വദേശി സുരേഷിന്റെ വേർപാട് ഒരു നൊമ്പരമായി മാറി. 22 വർഷക്കാലമായി കേരളത്തിൽ പോകാത്ത സുരേഷിന്റെ ആദ്യയാത്ര നിശ്ചലനായി, ശവപ്പെട്ടിയിൽ മൂടപ്പെട്ട് ആയത് എന്തിന്റെ നിയോഗമായിരുന്നു ആരോടും പരിഭവം പറയാതെ, ചില ദുരൂഹതകൾ ബാക്കി വെച്ച്, എന്തിനായിരുന്നു കുറച്ചുദിവസത്തെക്ക് ഈ വെളിപ്പെടൽ, ദേശീയ തലസ്ഥാനനഗരിയിൽ മലയാളികൾക്കായി കാക്കത്തൊള്ളായിരം സംഘടനകളും സർക്കാർ തലത്തിൽ നോർക്ക പോലുള്ള സ്ഥാപനങ്ങളും ഉണ്ടായിട്ടും വർഷങ്ങൾ തെരുവിൽ കഴിഞ്ഞ ഒരു മലയാളിയെ കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്ന പോരായ്മ ചൂണ്ടികാണിക്കുവാനോ?. ഉത്തരം ഇല്ലെങ്കിലും തെരുവിൽ ഇതുപോലെ കദനകഥകൾ പേറുന്ന ജന്മങ്ങൾ നല്ല ശമര്യക്കാരനെ കാത്തിരിക്കുന്നു.

തെരുവിൽ മലയാളി ഉണ്ടെന്ന് അറിഞ്ഞതുമുതൽ നല്ല ശമര്യക്കാരായി കർമ്മനിരതരായി പ്രവർത്തിച്ചവരെ നമുക്കഭിനന്ദിക്കാം. വളരെ മോശമായ അവസ്ഥയിൽ ആയിരുന്ന സുരേഷിനെ സാധാരണ അവസ്ഥയിലേക്ക് കൊണ്ടുവരുവാൻ യാതൊരു മടിയും കൂടാതെ അക്ഷീണം പ്രവർത്തിച്ച മലങ്കര കത്തോലിക്ക സഭ ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രചോദന ചാരിറ്റമ്പിൽ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ശാന്തി ആശ്രമം പ്രവർത്തകർ ക്രിസ്തീയദർശനത്തിന്റെ ഉത്തമ സാക്ഷ്യമായി മാറി എന്നതിൽ സംശയമില്ല. മരണവാർത്ത അറിഞ്ഞ് സഹായഹസ്തങ്ങളുമായി എത്തിയ ഡൽഹി നായർ സമാജം, ഡൽഹി മലയാളി അസോസിയേഷൻ, മറ്റ് വ്യക്തികൾ മുതലായവർ മാതൃകപരമായ പ്രവർത്തനത്തിന് ഒത്തുചേർന്നു. കൃത്യമായ വാർത്ത സംവിധാനം ഡൽഹിയിലെ മലയാളി മാധ്യമങ്ങൾ പുലർത്തിയതിനാൽ ബന്ധുക്കളെ കണ്ടെത്തുവാൻ സാധിച്ചു.

പ്രവാസികളായ മലയാളിയുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന നോർക്ക കുറച്ചുകൂടി പ്രായോഗികതയിലേക്ക് കടക്കേണ്ടിയിരുക്കുന്നു. അടിയന്തിരസാഹചരത്തിൽ സഹായം ആവശ്യമുള്ളിടത്ത് രണ്ടു ദിവസം കഴിഞ്ഞ് മാറാവുന്ന ചെക്ക് കൊടുത്തുവിട്ടാൽ അടിയന്തരം നടത്തുമ്പോൾ മൃതദേഹം എത്തിക്കാം. മലയാളി സംഘടനകളും വ്യക്തികളും അതിലുപരി പകുതിയിലധികം ആശുപ്രത്രി ചിലവ് എഴുതി തള്ളിയ ഹോളിഫാമിലി അധികൃതരും തക്കസമയത്ത് പ്രവർത്തിച്ചതിനാൽ ആണ് മൃതദേഹം ഏറ്റവും ആദ്യം ലഭ്യമായ വിമാനത്തിൽ നാട്ടിൽ എത്തിക്കുവാൻ സാധിച്ചത്. സർക്കാർ കാര്യം മുറ പോലെ അല്ലേ!. കുടുംബബന്ധങ്ങളെ വിട്ട് പ്രവാസജീവിതത്തിൽ കഴിയേണ്ടി വരുന്ന സുരേഷിനെ പോലെ ഉള്ളവർ ഈ തെരുവിൽ ഇനിയും കണ്ടേക്കാം. ഒത്തൊരുമയോടെ ഈ ജീവിതങ്ങൾക്ക് പുതിയ ഉണർവ് നല്കാൻ നമ്മളാൽ കഴിയുന്നത് ചെയ്യുവാൻ ഓരോ പ്രവാസിക്കും കടമയുണ്ട്.

സുരേഷിന്റെ ജീവിതം പ്രവാസികൾക്ക് നല്കുന്ന ഒരു വലിയ സന്ദേശം ഉണ്ട്. ഒരാൾ കടയിൽ മുന്തിരി വാങ്ങാൻ പോയി. അയാൾ കടക്കാരനോട് ചോദിച്ചു. മുന്തിരിയെന്താ വില? കടക്കാരൻ പറഞ്ഞു 80 രൂപ. അടുത്തു തന്നെ കുലയിൽ നിന്നും വേർപെട്ട കുറച്ച് ചില്ലറ മുന്തിരിയും കൂട്ടിവച്ചിട്ടുണ്ടായിരുന്നു. അയാൾ ചോദിച്ചു, ഇതിനെന്താ വില.? കടക്കാരൻ പറഞ്ഞു 30 രൂപ. അയാൾ ചോദിച്ചു അതെന്താ 30 രൂപ, രണ്ടും ഒന്നു തന്നെയല്ലെ.? ഇത് വരെ നല്ല മുന്തിരിയാണ്, പക്ഷേ കുലയിൽ നിന്നും വേർപെട്ടു പോയതുകൊണ്ടാണ് ഇതിന് വിലകുറവ്.. സംഘടന, സമൂഹം, കുടുംബം എന്നിവയിൽ നിന്ന് അടർന്നു പോയാൽ നമ്മുടെ വിലയും ഇതുപോലെയാണ്. കുടുംബവും ബന്ധുക്കളും സമൂഹവും തമ്മിലുള്ള ബന്ധം മുറിയാതെ കാത്തുസൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ജോജി വഴുവാടി

"എളിയവനെ ആദരിക്കുന്നവർ ഭാഗ്യവാൻ
അനർത്ഥദിവസത്തിൽ യഹോവ അവനെ വിടുവിക്കും."
സങ്കീ. 41:1

# വിശുദ്ധ കന്യകമറിയം - ദൈവമാതാവ്

ഫാ. ഷാജി ജോർജ്ജ്
വികാരി, സെൻറ് മേരീസ് കത്തീഡ്രൽ, ഹോസ്ഖാസ്



സഭാചരിത്രത്തിൽ അത്യധികം വിചിന്തിനങ്ങൾക്കും വിശകലനങ്ങൾക്കും വിധേയമായ ഒരു വിഷയമാണ് ഈ ലക്കത്തിൻെറ ഉള്ളടക്കം. ശുദ്ധിമതിയായ മാതാവിൻെറ ശൂനോയോപെരുന്നാളിനോടനുബന്ധിച്ച് പ്രകാശനം ചെയ്യുന്ന ഈ ത്രൈമാസിക ഈ വിഷയം പ്രതിപാദിച്ചിരിക്കുന്നത് തികച്ചും ശ്രദ്ധേയമാണ്.

ആദിമസഭയുടെ ചരിത്രത്തിലും, ദൈവശാസ്ത്രത്തിലും, ക്രിസ്തുശാസ്ത്രത്തിലും വി.കന്യകമറിയാമിന് മൂന്ന് പ്രധാന പേരുകളാണ് നല്കപ്പെട്ടിരുന്നത്.

1. Virgin Mary – Christotokos – Bearer of Christ
2. Virgin Mary – Anthropotokos – Bearer of Human being
3. Virgin Mary – Thgeotokos – Bearer of God/Mother of God

ഈ മൂന്നു പേരുകളും ആദിമസഭയിൽ നിലനിന്നിരുന്നതും, പ്രചാരത്തിലിരിന്നതുമായ വേദവിപരീത പഠിപ്പിക്കലുടെ അനന്തരഫലമാണ്.

ഓർത്തഡോക്സ് സഭയും കത്തോലിക്കാ സഭയും വി.കന്യകമറിയാമിനെ "ദൈവമാതാവ്" എന്ന് നിസംശയം ഉദ്ഘോഷിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

വിശുദ്ധ കന്യകമറിയാമിനെപ്പറ്റി വിശുദ്ധ എഫ്രയിമിൻെറ ഒരു പാട്ട് ഇപ്രകാരമാണ്.

"wake, my harp, your songs

In prase of the virgin Mary

Lift up your voice and sing

The wonderful history of

The virgin, the daughter of David

Who gave birth to the life of the world"

പൗരസ്ത്യ സഭകളുടെ ആരാധനാക്രമങ്ങളിൽ വി. എഫ്രയീമിൻെറ പാട്ട് ഏറ്റവും ധ്യാനാത്മകങ്ങളായി വിശ്വാസദീപ്തിയിൽ ഉപയോഗിച്ചു വരുന്നതിനാൽ പരിശുദ്ധ സഭ വിശുദ്ധ കന്യകമറിയാമിനെ എത്രത്തോളം ആദരവോടും ഭക്തിയോടും ഉൾക്കൊള്ളുന്നു എന്നത് പ്രത്യേകം സ്മരണീയമാണ്.

വിശുദ്ധ കന്യകമറിയാമിനെക്കുറിച്ചുള്ള ഒരു പഠനശാഖ തന്നെയുണ്ട് എന്നതും പ്രത്യേകം പ്രസ്താവ്യമാണ് "Mariology". വിശുദ്ധ ലൂക്കോസ്എഴുതിയ സുവിശേഷം ഒന്നാം അദ്ധ്യായം 28,42,48 വാക്യങ്ങളിൽ കന്യകമറിയാമിൻെറ സഭ നല്കുന്ന സ്ഥാനങ്ങളും, പദവികളും വേദപുസ്തകാധിഷ്ഠിതം തന്നെയാണ് എന്ന് വ്യക്തമാക്കുന്നു.

വിശുദ്ധ കന്യകമറിയവുമായി ബന്ധപ്പെട്ടു നടത്തുന്ന പെരുന്നാളുകളെക്കുറിച്ച് പ്രതിപാദിക്കട്ടെ.

| | | |
|---|---|---|
| 1. | Feast of Glorification – Dec, 26 | കന്യകമറിയാമിനെ ദൈവപുത്രൻെറ മാതാവായി തെരഞ്ഞെടുക്കപ്പെട്ടതിനെക്കുറിച്ചുള്ള സ്മരണയിൽ അഞ്ചാം നൂറ്റാണ്ടിൽ ആരംഭിച്ച പെരുന്നാൾ. |
| 2. | Feast of the blessing of the seeds - Jan 15 | നല്ല കൊയ്ത്തിനായി, വിളവെടുപ്പിനായി വിത്തുകളെ അനുഗ്രഹിക്കുന്നതിനായുള്ള പെരുന്നാൾ |
| 3. | Feast of Annunciation – March 25 | ദൈവപുത്രൻെറ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് |
| 4. | Feast of Assumption – August 15 | ശൂനോയോപെരുന്നാൾ |
| 5. | Feast of Nativity – Sept 8 | ജനനപ്പെരുന്നാൾ |

ഈ പെരുന്നാളുകളിൽ പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ പ്രധാനമായും വചനിപ്പുപെരുന്നാളും ശൂനോയോപെരുന്നാളും ആണ് ആചരിച്ചു വരുന്നത്.

വിശുദ്ധ വേദപുസ്തകാടിസ്ഥാനത്തിലും സഭാപാരമ്പര്യങ്ങളിലും വി.കന്യകമറിയം - ദൈവമാതാവ് എന്ന് അസനിഗ്ദമായി പ്രതിപാദിക്കുന്നു. ദൈവമാതാവിനെ തലമുറ തലമുറകൾ ഭാഗ്യവതി എന്ന് വാഴ്ത്തും. ആ മാതാവിൻെറ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുവാൻ തക്കവണ്ണം ഈടുറ്റ ലേഖനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പഠനത്തിനും മനനത്തിനും, ധ്യാനത്തിനും നിദാനമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ദൈവമാതാവായ വി.കന്യകമറിയാം : സഭയിലെ അമ്മ

ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ

വി.കന്യകമറിയാമിനെ ഓർക്കുകയും അവളുടെ സവി ശേഷതകളെ വർണ്ണിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് ഓർത്തഡോക്സ് സഭയുടെ ആത്മീകതയുടെയും വിശ്വാസത്തിൻെറയും കാതലായ ഭാഗമാണ്. വി.കുർബ്ബാനയിലും കാനോനിക നമസ്കാരങ്ങളിലും കന്യകമറിയാമിന് നൽകിയിരിക്കുന്ന സ്ഥാനം അതുല്യമാണ്. ധാരാളം പെരുനാളുകൾ മറിയാമിനായി സഭയിൽ വേർതിരിച്ചിട്ടുണ്ട്. വിത്തുകൾക്കു വേണ്ടി (ജനുവരി 15), കതിരുകൾക്കു വേണ്ടി (മെയ് 15), മറിയാമിനോടുള്ള വചനിപ്പ് (മാർച്ച് 25), മാതാവിൻെറ പുകഴ്ച (ഡിസംബർ 26), മാതാവിൻെറ വാങ്ങിപ്പ് (ഓഗസ്റ്റ് 15) തുടങ്ങിയവ അവയിൽ പ്രധാനമായവയാണ്. വാങ്ങിപ്പ് പെരുന്നാളിനു മുമ്പ് വരുന്ന പതിനഞ്ചു ദിവസങ്ങൾ സഭ നോമ്പായി ആചരിക്കുന്നു. കാനോനികമല്ലെങ്കിലും വി. മാതാവിൻെറ ജനനപ്പെരുന്നാളിനോടനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ ആചരിക്കുന്ന എട്ടു നോമ്പിലും ധാരാളം വിശ്വാസികൾ നോമ്പനുഷ്ഠിക്കുന്നുണ്ട്.

**വി. കന്യകമറിയാമിൻെറ ചരിത്രം**

വി.കന്യകമറിയാമിനെക്കുറിച്ച് ഏറ്റവും വിശ്വാസ്യവും ആധികാരികവുമായ വിവരണങ്ങൾ സുവിശേഷങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. മറ്റ് ചില പുരാതന കൃതികൾ അതിശയോക്തിപരമായ പല വിവരണങ്ങളിൽ മറിയാമിനെക്കുറ്റി് നൽകുന്നുണ്ടെങ്കിലും സുവിശേഷങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരണങ്ങളോട് നീതി പാലിക്കുന്ന വസ്തുതകൾ പ്രയോജനകരങ്ങളാണ്.

പുരാതന കൃതിയായ 'യാക്കോബിൻെറ സുവിശേഷം' എന്ന അപ്പോക്രിഫൽ ഗ്രന്ഥത്തിലെ വിവരണം അനുസരിച്ച് യെരുശലേമിലെ നീതിയുള്ള മാതാപിതാക്കളായ യൂയാക്കിമിൻെറയും ഹന്നായുടെയും നിരന്തരം പ്രാർത്ഥനയുടെ ഫലമായി ഉണ്ടായ പൈതലാണ് മറിയാം. മാതാപിതാക്കളുടെ നേർച്ച അനുസരിച്ച് യെരുശലേം ദേവാലയത്തിൽ മറ്റ് പെൺകുഞ്ഞുങ്ങളോടൊപ്പം മറിയാം വളർന്നു. പന്ത്രണ്ടാം വയസ്സിൽ പുരോഹിതന്മാരുടെ നേതൃത്വത്തിൽ യൗസേഫുമായുള്ള മറിയാമിൻെറ വിവാഹനിശ്ചയം നടത്തപ്പെട്ടു.

വിവാഹനിശ്ചയത്തിനുശേഷം നടന്ന അത്ഭുത സംഭവങ്ങളെല്ലാം വി.വേദപുസ്തകം വിവരിക്കുന്നുണ്ട്. തൻെറ മകനായ യേശുക്രിസ്തുവിനോടൊപ്പം ജീവിച്ച മറിയാമിനെ കർത്താവിൻെറ ആവശ്യപ്രകാരം യോഹന്നാൻ ശ്ലീഹായുടെ ഭവനത്തിൽ കൈക്കൊണ്ടു എന്നതാണ് പാരമ്പര്യം.

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജെറോം പിതാവിൻെറ ചിന്തയനുസരിച്ച്, യേശുക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തിനശേഷം ആദിമസഭയോട് ചേർന്ന് കർത്താവിൻെറ രക്ഷാപദ്ധതിയിൽ മറിയാം പങ്കുചേർന്നു ജീവിച്ചു. മറിയാമിൻെറ അന്ത്യസമയത്ത് അപ്പോസ്തോലന്മാർ വിവിധ സ്ഥലങ്ങളിൽ നിന്ന് യെരുശലേമിലേക്കു വന്നു. മറിയാമിൻെറ ആത്മാവിനെ കർത്താവ് സ്വർഗ്ഗത്തിലേക്ക് സ്വീകരിച്ച് കൊണ്ടുപോകുന്നത് കാണുവാൻ ശിഷ്യന്മാർക്ക് കഴിഞ്ഞു. ഗത്സമനയിലെ കബറിൽ നിന്ന് മറിയാമിൻെറ ഭൗതിക ശരീരം പറുദീസായിലേക്ക് എടുക്കപ്പെട്ടു എന്ന ഒരു പാരമ്പര്യം സഭയിലുണ്ട്.

**സഭയിൽ കന്യകമറിയാമിനുള്ള സ്ഥാനം**

കന്യകമറിയാമിനെ സഭ ആരാധിക്കുന്നില്ല. ആരാധന (Adoration/Worship) ദൈവത്തിനു മാത്രമല്ലാതെ മറ്റാർക്കും സഭ നൽകുകയില്ല. സർവ്വചരാചര സ്രഷ്ടാവും ആദിയും അന്തവുമില്ലാത്ത കാരുണ്യവാനുമായി ത്രിയേക ദൈവത്തെ ഓർത്തഡോക്സ് സഭ മനസ്സിലാക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ദിനംപ്രതി ആവർത്തിച്ചു ചൊല്ലുന്ന പ്രാർത്ഥനകളിലും വിശ്വാസപ്രഖ്യാപനത്തിലും ഈ സത്യം വളരെ വ്യക്തമാണ്.



കന്യകമറിയാമിനോടും വിശുദ്ധരോടും സഭ "വന്ദനപൂർവ്വമായ" ബഹുമാനമാണ് കാണിക്കുന്നത്. ഈ "വന്ദനം" ഏക ദൈവാരാധനയ്ക്ക് വിരുദ്ധമായ ഒരു കാര്യമല്ല. സഭാമക്കളിൽ ഒരാളുപോലും ഇവരെ ദൈവമായി കണക്കാക്കുന്നില്ല. അക്ഷരജ്ഞാനമില്ലാത്തവർ പോലും വി.മറിയാമിനെ ദൈവമായോ ദേവിയായോ മനസ്സിലാക്കുകയോ ആരാധിക്കുകയോചെയ്യുന്നില്ല.

കന്യകമറിയാമിന് വിശുദ്ധരുടെ ഗണത്തിൽ പ്രഥമസ്ഥാനമാണുള്ളത്. ഭൂതലമൊക്കെയുടെയും പ്രശംസ, ഭാഗ്യവതി, രണ്ടാം സ്വർഗ്ഗം, മാലിന്യമില്ലാത്തവൾ, ക്രോബേന്മാരിലും സ്രോപ്പേന്മാരിലും ശ്രേഷ്ഠതയേറിയവൾ തുടങ്ങിയ വിശേഷണങ്ങളാൽ മറിയാം സഭയിൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഇവയേക്കാൾ ഉപരി "നിത്യകന്യക", "ദൈവമാതാവ്" എന്നീ രണ്ടു നാമങ്ങൾ അവളെ അതീവ ശ്രേഷ്ഠയാക്കുന്നു. ഈ രണ്ടു നാമങ്ങളും വചനമാം ദൈവത്തിൻെറ മനുഷ്യാവതാര രഹസ്യവുമായി അഭേദ്യമായി ബന്ധമുള്ളവയാണ്. സർവ്വ വ്യാപിയും സർവ്വശക്തനും സർവ്വജ്ഞാനിയും സ്നേഹവാനുമായ ദൈവം സർവ്വസൃഷ്ടിയുടെയും രക്ഷയ്ക്കുവേണ്ടി കാലത്തികവിൽ മറിയാമിൽ നിന്ന് പുരുഷബന്ധം കൂടാതെ അത്ഭുതകരമായി ജനിച്ചതിനാൽ അവളെ നിത്യകന്യകയെന്ന് സഭ വിളിക്കുന്നു. കന്യകമറിയാം പ്രസവിച്ചത് മനുഷ്യാവതാരം ചെയ്ത ദൈവത്തെയാണെന്നും അവൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ ഏക സംയോജിത സ്വഭാവമുള്ളവനാണെന്നും സഭ ഉറച്ച് വിശ്വസിക്കുന്നതിനാൽ അവളെ ദൈവമാതാവ് എന്ന് സഭ വിളിക്കുന്നു. ഇവിടെ ദൈവത്തിനു മുമ്പേ കാലങ്ങൾക്ക് മുൻപ് കന്യകമറിയം ഉണ്ടായിരുന്നു എന്ന അർത്ഥമല്ല, പ്രത്യുത കാലത്തികവിൽ ദൈവം മനുഷനായി എന്ന സത്യമാണ് പ്രഘോഷിക്കപ്പെടുന്നത്.

പ്രൊട്ടസറ്റൻറ് സഭകൾ കന്യകമറിയാമിന് ഒരു സ്ഥാനവുമില്ല എന്ന് പഠിപ്പിക്കുന്നു. മുട്ടത്തോടിനുള്ളിൽ നിന്ന് കോഴിക്കുഞ്ഞ് വിരിഞ്ഞ് പുറത്ത് വന്നാൽ തോടിന് യാതൊരു വിലയുമില്ല എന്നു പറഞ്ഞതുപോലെ യേശുവിനെ ജനിപ്പിച്ചതിനു ശേഷം മറിയാമിന് വിലയില്ല എന്ന അഭിപ്രായമാണ് ഇക്കൂട്ടർക്ക് ഉള്ളത് (കുഞ്ഞിൻെറ ജനനം കഴിഞ്ഞ് അമ്മയോട് ബന്ധമില്ലെന്ന് പറയുന്നതിന് തുല്യമാണിത്). അതിന് അവർ നിരത്തുന്ന വേദപുസ്തകത്തെളിവുകൾ ഇവയാണ്.

**അവളുടെ ആദ്യജാതൻ എന്ന വാക്ക്**

ലൂക്കോ 2:7 "അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു." ആദ്യജാതൻ എന്ന് എഴുതിയിരിക്കുന്നതുകൊണ്ട് യേശു മറിയാമിൻെറ മക്കളിൽ ആദ്യത്തെയാൾ ആണെന്നും യേശുവിന് ശേഷം മറിയാമിന് മറ്റ് മക്കൾ ഉണ്ടായിരുന്നു എന്നും ഇക്കൂട്ടർ വാദിക്കുന്നു.

മറുപടി: ഇതിനുത്തരം വേദപുസ്തകം തന്നെ നൽകുന്നുണ്ട്. ആദ്യജാതനെക്കുറിച്ച് വേദപുസ്തകത്തിൽ ധാരാളം ഭാഗങ്ങളുണ്ട്. അവിടെയൊക്കെ 'ആദ്യജാതൻ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അമ്മയുടെ ഉദരത്തിൽ ആദ്യം ജനിച്ച കുട്ടി എന്നു മാത്രമാണ്. കുട്ടികൾ പിന്നീട് ഉണ്ടാകാനും ഉണ്ടാകാതിരിക്കാനും ഉള്ള സാധ്യത മാത്രമേ അവ നൽകുന്നുള്ളു. ഉദാഹരണത്തിന്, പുറപ്പാട് 13:2-ൽ അഹറോന്യ പൗരോഹിത്യസ്ഥാപനത്തിന് മുമ്പുതന്നെ യഹോവയായ ദൈവം കൽപ്പിക്കുന്നു. "ഇസ്രായേൽ മക്കളുടെ ഇടയിൽ കടിഞ്ഞൂലായി പിറക്കുന്നതിനെ ഒക്കെയും എനിക്കായി ശുദ്ധീകരിക്കുക. ഇത് എനിക്കുള്ളതാകുന്നു." കടിഞ്ഞൂലായി ജനിച്ചതിനെ, പിന്നീട് ഒന്ന് ജനിച്ചാലും ഇല്ലെങ്കിലും ദൈവത്തിനായി

സമർപ്പിക്കണം എന്നാണ് ഇവിടെ പറയുന്നത്. ആദ്യപൈതൽ ജനിച്ചാൽ പിന്നെ മറ്റൊരു കുട്ടി ഉണ്ടാകുന്നതുവരേക്കും അതിനെ ദൈവത്തിന് സമർപ്പിക്കുവാൻ വേണ്ടി മാതാപിതാക്കൾ കാത്തിരിക്കുകയില്ലായിരുന്നു. ആദ്യജാതൻ ഉദരത്തിൽ ആദ്യമായി ഉളവായവനാണ്. അവന് പിന്നാലെ കുട്ടികൾ ഉണ്ടാവാം, ഉണ്ടാവാതെയും ഇരിക്കാം.

സംഖ്യ 18:13-17 ൽ യഹോവ പുരോഹിതനായ അഹറോനോട് കൽപ്പിക്കുന്നു. "അവർ '(ഇസ്രായേൽ മക്കൾ) തങ്ങളുടെ ദേശത്തുള്ള എല്ലാറ്റിലും യഹോവയ്ക്ക് കൊണ്ടുവരുന്ന ആദ്യഫലങ്ങൾ നിനക്ക് ആയിരിക്കേണം. നിന്റെ വീട്ടിൽ ശുദ്ധിയുള്ളവനെല്ലാം അത് ഭക്ഷിക്കാം... മനുഷ്യരിൽ ആകട്ടെ, മൃഗങ്ങളിൽ ആകട്ടെ, സകല ജഡത്തിലും അവർ യഹോവയ്ക്ക് കൊണ്ടുവരുന്ന കടിഞ്ഞൂൽ ഒക്കെയും നിനക്കു ഇരിക്കണം. മനുഷ്യന്റെ കടിഞ്ഞൂലിനെയോ വീണ്ടെടുക്കേണം. .. വീണ്ടെടുപ്പ് വിലയോ, ഒരു മാസം മുതൽ മേലോട്ട് പ്രായമുള്ളതിനെ നിന്റെ മതിപ്പ് പ്രകാരം അഞ്ച് ശേക്കെൽ ദ്രവ്യം കൊടുത്ത് വീണ്ടെടുക്കേണം... എന്നാൽ പശു, ആട്, കോലാട് എന്നിവയുടെ കടിഞ്ഞൂലിനെ വീണ്ടെടുക്കരുത്. അവ വിശുദ്ധമാകുന്നു. അവയുടെ രക്തം യാഗപീഠത്തിന്മേൽ തളിച്ച് മേദസ്സ് യഹോവയ്ക്ക് സൗരഭ്യവാസനയായ ദഹനയാഗമായി ദഹിപ്പിക്കേണം." ഇവിടെയും ആദ്യജാതനെ അർപ്പിക്കേണം എന്ന് പറയുന്നു. കാരണം ഇത് ഉദരത്തിലെ ആദ്യഫലമാണ്. മറ്റൊന്നും അതിനുശേഷം ജനിച്ചോ ഇല്ലയോ എന്നത് പ്രശ്നമല്ല.

ആയതിനാൽ യേശുക്രിസ്തുവിനെ ആദ്യജാതൻ എന്ന് വിളിക്കുന്നതുകൊണ്ട് അദ്ദേഹത്തിന് ശേഷം കന്യകമറിയാമിന് മറ്റ് സന്താനങ്ങൾ ഉണ്ടായി എന്ന് പറയുന്നതിനോട് യോജിക്കുവാൻ സാധിക്കില്ല. സഭാപിതാവായ ജെറോം പറയുന്നു. "എല്ലാ ഏകജാതന്മാരും ആദ്യജാതന്മാരാണെങ്കിലും എല്ലാ ആദ്യജാതന്മാരും ഏകജാതന്മാരല്ല." അതുകൊണ്ട് ആദ്യജാതൻ എന്ന വാക്ക് തനിക്ക് പിന്നാലെ മറ്റൊരാൾ ജനിച്ചു എന്ന അർത്ഥത്തിലല്ല, പിന്നെയോ തനിക്കുമുമ്പേ തന്റെ മാതാവിൽ നിന്ന് ആരും ജനിച്ചിട്ടില്ല എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്.

കർത്താവായ യേശുക്രിസ്തു മറിയാമിന് ആദ്യജാതനാണ്. തന്റെ തിരുജനനത്തിന് 40 ദിവസം കഴിഞ്ഞ് കന്യകയും യൗസേഫും കൂടി ദൈവത്തിന് യാഗം കഴിച്ചു (ലൂക്കോ 2:22-24). ന്യായപ്രമാണപ്രകാരം ആദ്യജാതന്മാരെക്കുറിച്ച് നിവൃത്തിയാക്കേണ്ട കാര്യം കർത്താവിനെ സംബന്ധിച്ചും നടപ്പാക്കി. അതുകൊണ്ട് വേദപുസ്തകത്തിൽ എവിടെയെങ്കിലും ആദ്യജാതൻ എന്ന് പറയുമ്പോൾ അത് രണ്ടാമത് ഒരു കുട്ടി ഉണ്ടായതുകൊണ്ടാണ് എന്ന് വാദിക്കുന്നത് ശരിയല്ല. ക്രിസ്തു ആദ്യജാതനും ഏകജാതനുമാണ്.

02. "നിന്റെ ഭാര്യ", "സ്ത്രീ" - എന്ന പദങ്ങൾ കന്യകമറിയാമിന് ഉപയോഗിക്കുന്നതിനാൽ അവൾ കന്യകയല്ല എന്ന വാദം (മത്തായി 1:20, 1:24)

മറുപടി: ഇസ്രായേല്യ പാരമ്പര്യം അനുസരിച്ച് വിവാഹനിശ്ചയം കഴിഞ്ഞ പെൺകുട്ടികളെ "ഭാര്യ", സ്ത്രീ" എന്നീ പദങ്ങൾ ഉപയോഗിച്ച് വിളിക്കുന്നു. "ദാവീദിന്റെ മകനായ യൗസേഫേ നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊള്ളാൻ ശങ്കിക്കേണ്ട. അവളിൽ ഉത്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു". എമത്തായി 1:20) എന്ന മാലാഖയുടെ വചനത്തെ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സഭാപിതാവായ സ്വർണ്ണനാവുകാരൻ ഈവാനിയോസ് വ്യാഖാനിക്കുന്നത് പരിശോധിക്കാം. ഇവിടെ "മാലാഖ," വിവാഹനിശ്ചയം കഴിഞ്ഞ കന്യകയെ ഭാര്യ എന്ന് വിളിക്കുന്നു. കാരണം യഹൂദപാരമ്പര്യം എപ്പോഴും വിവാഹനിശ്ചയം കഴിഞ്ഞ ദമ്പതികളെ പുരുഷനും ഭാര്യയും എന്നും അവരുടെ വിവാഹത്തിനുമുമ്പ് തന്നെ ജനങ്ങൾ വിളിക്കുന്നു. ചേർത്തുകൊള്ളുക എന്ന് പറഞ്ഞതിന്റെ അർത്ഥം "നിന്റെ വീട്ടിൽ അവളെ സൂക്ഷിക്കുക. അവളെ ദൈവം നിന്നെ ഏൽപ്പിച്ചതാണ്. വിവാഹം കഴിക്കുന്നതിനല്ല പ്രത്യുത അവൾക്ക് സഹായിയായി ജീവിക്കുവാൻ" എന്നാണ്. ഇതേ അർത്ഥത്തിലാണ് കർത്താവ് ക്രൂശിൽ കിടന്നുകൊണ്ട് താൻ സ്നേഹിക്കുന്ന ശിഷ്യനോട് 'ഇതാ നിന്റെ അമ്മ' എന്നു പറഞ്ഞത്.

വിവാഹനിശ്ചയം കഴിഞ്ഞ് കന്യകയായ യുവതിയെ ഭാര്യ എന്ന് വിളിക്കുന്ന വേദഭാഗങ്ങൾ (ആവർ 22:23-24) കാണുക. "വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന കന്യകയായ ഒരു യുവതിയെ ഒരുത്തൻ പട്ടണത്തിൽ വച്ച് കണ്ടു അവളോടുകൂടി ശയിച്ചാൽ യുവതി പട്ടണത്തിൽ ആയിരിന്നിട്ടും നിലവിളിയ്ക്കായ്കകൊണ്ടും പുരുഷൻ കൂട്ടുകാരന്റെ ഭാര്യയ്ക്ക് പോരായ്ക വരുത്തിയതുകൊണ്ടും നിങ്ങൾ അവരെ ഇരുവരെയും പട്ടണവാതില്ക്കൽ കൊണ്ടുവന്ന് കല്ലെറിഞ്ഞ് കൊല്ലണം. (ആവ. 20:7). "ആരെങ്കിലും ഒരു സ്ത്രീയെ വിവാഹത്തിന് നിശ്ചയിച്ച് അവളെ പരിഗ്രഹിക്കാതെ ഇരുന്നുവെങ്കിൽ" എന്ന് മറ്റൊരിടത്ത് കാണുന്നു.

വേദപുസ്തകത്തിലെ പല ഭാഗങ്ങളിലും ഭാര്യ, സ്ത്രീ എന്നൊക്കെ ഉപയോഗിച്ചിരിക്കുന്നത് കല്ല്യാണം കഴിഞ്ഞു എന്ന് ആകണം എന്നില്ല. പ്രത്യുത സ്ത്രീത്വം കാണിക്കുന്നതിനു വേണ്ടിയാണ്. ഹവ്വായെ സൃഷ്ടിച്ചപ്പോൾ നാരി എന്ന് വിളിച്ചത് തന്റെ സൃഷ്ടിയേയും സ്ത്രീത്വത്തേയും വെളിപ്പെടുത്തുന്നു. അതുപോലെ ഭാര്യ എന്ന പദം കന്യകമറിയാമിന് ഉപയോഗിച്ചിരിക്കുന്നത് വിവാഹനിശ്ചയം കഴിഞ്ഞ കന്യക എന്ന അർത്ഥത്തിൽ മാത്രമാണ്. ലൂക്കോസ് 2:4-5 വാക്യങ്ങളിൽ പറയുന്നു. അങ്ങനെ ജോസഫും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ളവൻ ആകകൊണ്ട് തനിക്ക് വിവാഹം നിശ്ചയിച്ചിരിക്കുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടുകൂടെ ചാർത്തപ്പെടേണ്ടതിന് ഗലീലയിലെ നസറേത്ത് പട്ടണം വിട്ടു. "ഇവിടെ ഓർക്കുവാനുള്ള മറ്റൊരു കാര്യം കർത്താവിനെ പ്രസവിച്ചശേഷം, മാലാഖ കന്യകമറിയാമിനെ ഭാര്യ എന്ന് വിളിക്കുന്നില്ല എന്നതാണ്. മത്തായി 2;13ൽ 'നീ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് മിസ്രേമിലേക്ക് ഓടിപ്പോയി ഞാൻ നിന്നോട് പറയും വരെ അവിടെ പാർക്കുക" എന്ന് കാണുന്നു. ഈജിപ്തിൽ നിന്ന് ജോസഫിന്റെ തിരിച്ചുവരവിലും മാലാഖ പറയുന്നത്. "ശിശുവിന് പ്രാണഹാനി വരുത്തുവാൻ നോക്കിയവർ മരിച്ചുപോയതുകൊണ്ട് നീ എഴുന്നേറ്റ് ശിശുവിനെയും അമ്മയേയും കൂട്ടിക്കൊണ്ട് യിസ്രായേൽ ദേശത്തേക്ക് പോവുക. അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി യിസ്രായേൽ ദേശത്ത് വന്നു. എമത്തായി 2:21).

കർത്താവ് കന്യകമറിയാമിന്റെ ഉദരത്തിൽ ഉരുവായതിനുശേഷവും ജനനത്തിന് മുമ്പും ഭാര്യ എന്ന പദം കൊണ്ട് കന്യകമറിയാമിനെ വിശേഷിപ്പിക്കുന്നു. കാരണം കന്യകമറിയം ഒരു മനുഷ്യന്റെ ഭാര്യയല്ല. ഭാര്യയല്ലാതെ ഗർഭിണി ആയാൽ സമൂഹം കല്ലെറിയും എന്ന കാരണത്താൽ ആയിരിക്കാം ഭാര്യ എന്ന പദം ഉപയോഗിക്കുന്നത്. എന്നാൽ കർത്താവിന്റെ ജനനത്തിന് ശേഷം ശിശുവും അമ്മയും എന്നാണ് പറയുന്നത്.

അതുകൊണ്ട് ഭാര്യ എന്ന പദം കൊണ്ട് കന്യകമറിയാമിനെ വിശേഷിപ്പിച്ചതുകൊണ്ട് അവൾ ഭാര്യയായി എന്നോ മറ്റ് കുഞ്ഞുങ്ങൾ ഉണ്ടായി എന്നോ അർത്ഥം ഇല്ല.

**"വരും - മുമ്പേ" എന്ന വാക്കുകൾ**

മത്തായി 1:18ൽ "അവർ കൂടിവരും മുമ്പേ മറിയാം പരിശുദ്ധറൂഹായാൽ ഗർഭിണിയായി" എന്ന് കാണുന്നു. "കൂടിവരുംമുമ്പേ" എന്ന് എഴുതിയിരിക്കുന്നതുകൊണ്ട് പിന്നീട് മറിയാമും ജോസഫും കൂടിവന്നു എന്നാണ് വാദം. മകനെ പ്രസവിക്കും വരെ അവൻ അവളെ പരിഗ്രഹിച്ചില്ല (മത്തായി 1:25) എന്നതിനെ വ്യാഖ്യാനിച്ച് മകനെ പ്രവസിച്ചതിനുശേഷം അവൻ അവളെ പരിഗ്രഹിച്ചു എന്ന് പ്രൊട്ടസ്റ്റന്റുകാർ വാദിക്കുന്നു.

മറുപടി: ഇവിടെ സുവിശേഷകൻ ഉദ്ദേശിക്കുന്നത് പരമപ്രധാനമായ മറ്റൊരു കാര്യമാണ്. അതായത് വി.കന്യകമറിയം പുരുഷസംസർഗ്ഗം കൂടാതെ കർത്താവിനെ ഉദരത്തിൽ വഹിക്കുകയും പ്രസവിക്കുകയും ചെയ്തു. ഈ ചിന്തയ്ക്ക് രണ്ടു കാരണങ്ങളാണ് ഉള്ളത്.

ഒന്ന് കർത്താവിന്റെ ജനനം മറ്റുള്ളവരുടെ ജനനത്തിൽ നിന്ന് വ്യത്യസ്തമാണ്. പുരുഷസംസർഗ്ഗം കൂടാതെ കർത്താവിനെ ഉദരത്തിൽ വഹിച്ചു എന്നത് തന്റെ ദൈവത്തെ പ്രദർശിപ്പിക്കുന്നു. കാരണം കന്യകയിൽ നിന്ന് ഉളവായിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ ആകുന്നു. (മത്തായി 1:20).

രണ്ട് യേശുതമ്പുരാൻെറ ജനനം പാപമില്ലാത്തതാണ്. പാപമില്ലാത്ത താൻ പാപികളായ നമുക്കുവേണ്ടി മനുഷ്യജന്മം എടുത്തു ക്രൂശിലേറി മരിച്ചു നമ്മെ രക്ഷിച്ചു. കന്യകയിൽ നിന്ന് പുരുഷ സംസർഗം കൂടാതെയുള്ള ജനനം താൻ പാപമില്ലാത്തവനാണെന്ന് കർത്താവ് നമ്മെ ഉറപ്പിച്ച് പഠിപ്പിക്കുന്നു. തൻെറ പാപരഹിതമായ മനുഷ്യാവതാരത്തെ സൂചിപ്പിക്കുകയാണ് സുവിശേഷകൻ ഈ വാക്യങ്ങളിലൂടെ.

ആദ്യജാതനെ "പ്രസവിക്കും വരെ", "അവർ കൂടിവരും മുമ്പെ" എന്നൊക്കെയുള്ള പ്രയോഗങ്ങൾ കീഴ്വഴക്കം അനുസരിച്ച് എഴുതിവരുന്ന ചില പ്രസ്താവനകൾ മാത്രമാണ്. ചില ഉദാഹരണങ്ങൾ: 2 ശമുവേൽ 6:23-ൽ ശൗലിൻെറ പെങ്ങളായ മീഖളിന് മരിക്കുന്നിടംവരെ ഒരു കുട്ടിയും ഉണ്ടായില്ല എന്ന് എഴുതിയിരിക്കുന്നു. അതുകൊണ്ട് മരണശേഷം കുട്ടികൾ ഉണ്ടായി എന്ന് അർത്ഥമുണ്ടോ?. മത്തായി 28:26-ൽ "ഞാനോ ലോകവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടിയുണ്ട്" എന്ന് കർത്താവ് പറയുന്നു. ലോകാവസാനത്തിനു ശേഷം കർത്താവിൻെറ നിലനിൽപ്പ് നഷ്ടപ്പെടുമെന്നാണോ ഇതിൻെറ അർത്ഥം.

ആകയാൽ മകനെ പ്രസവിക്കുംവരെ എന്നതുകൊണ്ട് പിന്നീട് പരിഗ്രഹിച്ചു എന്ന് അർത്ഥം നൽകുവാൻ സാദ്ധ്യമല്ല. പ്രത്യേകിച്ച് ഇത്രയും അത്ഭുതങ്ങളും അടയാളങ്ങളും ഒക്കെ കാണുകയും അനുഭവിക്കുകയും ചെയ്ത യോസേഫിന് ഇനി അത് പറ്റുമോ. മാലാഖമാർ നൽകിയ ചില അരുളപ്പാടുകൾ, യേശുവിൻെറ ജനനത്തിലെ സംഭവങ്ങൾ, ആട്ടിടയന്മാരുടെയും വിദ്വാന്മാരുടെയും വരവ്, തനിക്കു തന്നെ ലഭിച്ച ദർശനങ്ങളും അരുളപ്പാടുകളും ഒക്കെ യോസേഫിന് പ്രധാനങ്ങളല്ലേ?

**യേശുവിൻെറ സഹോദങ്ങൾ എന്ന വാക്ക്**

യേശുവിൻെറ സഹോദരങ്ങൾ കന്യകമറിയാമിന് ജനിച്ചവർ എന്ന് ചില പ്രൊട്ടസ്റ്റൻറുകാർ വാദിക്കുന്നു. (മത്തായി 12:46, 13:54-56, മർക്കോസ് 3:32-33, അപ്പോ. പ്രവ. 1:14, ഗലാത്യ 1:18-19)

മറുപടി: എബ്രായ പാരമ്പര്യത്തിൽ സഹോദരൻ എന്ന വാക്കുകൊണ്ട് അടുത്ത ബന്ധുക്കളെയും ഉദ്ദേശിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ കാണുക. ഉൽപ്പത്തി 29:10-12. തൻെറ അമ്മയുടെ സഹോദരനായ ലാബാൻെറ മകൾ റാഹേലിനെയും അവരുടെ ആടുകളെയും കണ്ടപ്പോൾ യാക്കോബ് അടുത്തുചെന്ന് കിണറ്റിൻെറ വാതിൽക്കൽ നിന്ന് കല്ല് ഉരുട്ടി, അമ്മയുടെ സഹോദരനായ ലാബാൻെറ ആടുകൾക്ക് വെള്ളം കൊടുത്തു. താൻ അവളുടെ അപ്പൻെറ സഹോദരൻ എന്നും റിബേക്കായുടെ മകൻ എന്നും യാക്കോബ് റാഹേലിനെ അറിയിച്ചു. റാഹേലിൻെറ അപ്പനായ ലാബാനെ തൻെറ അമ്മയുടെ സഹോദരൻ ആയിട്ടും സഹോദരൻ എന്ന് വിളിക്കുന്നു. ലാബാൻ യാക്കോബിനോടും ഇതേ രീതിയിൽ സംസാരിക്കുന്നുണ്ട്. ഉൽപ്പത്തി 29:15. "ലാബാൻ യാക്കോബിനോട് നീ എൻെറ സഹോദരൻ ആകകൊണ്ട് വെറുതെ എന്നെ സേവിക്കണമോ?. നിനക്ക് എന്തു പ്രതിഫലം വേണം" എന്ന് ചോദിക്കുന്നു. ലാബാൻ ഇവിടെ സഹോദരിയുടെ മകനെ സഹോദരൻ എന്ന് വിളിക്കുന്നു.

ലോത്ത് അബ്രഹാമിൻെറ സഹോദരനായ ഹാരാൻെറ മകനാണ് (ഉൽപ്പത്തി 11:31). എന്നാൽ ഉൽപ്പത്തി 14:14-ൽ "അബ്രഹാം തൻെറ സഹോദരനെ (ലോത്തിനെ) ബദ്ധനാക്കി കൊണ്ടുപോയി എന്ന് കേട്ടപ്പോൾ അവൻ തൻെറ വീട്ടിൽ ജനിച്ചവരും അഭ്യാസികളുമായ 318 പേരെ കൂട്ടി ദാൻ വരെ പിന്തുടർന്നു" എന്നു പറയുന്നു. ലോത്ത് അബ്രഹാമിൻെറ സഹോദരപുത്രൻ എങ്കിലും അടുത്ത ബന്ധം കാണിക്കുന്നതിന് വേണ്ടി സഹോദരൻ എന്ന പദം ഉപയോഗിക്കുന്നു.

**കർത്താവിൻെറ സഹോദരങ്ങൾ ആര്?**

കർത്താവ് തൻെറ പിതൃനഗരത്തിൽ വന്ന് അവരുടെ പള്ളികളിൽ ഉപദേശിച്ചു. അവിടെയുള്ളവർ വിസ്മയിച്ചിട്ട് പറയുന്നു "ഇവന് ഈ ജ്ഞാനവും വീര്യപ്രവർത്തികളും എവിടെനിന്ന്? ഇവൻ തച്ചൻെറ മകൻ അല്ലയോ? ഇവൻെറ സഹോദരങ്ങൾ യാക്കോബ്, യോസെ, ശീമോൻ, യൂദാ എന്നിവർ അല്ലയോ?. ഇവൻെറ സഹോദരിമാരും നമ്മുടെ കൂടെയില്ലയോ? (മത്തായി 13:55-56, മർക്കോസ് 6:1-3)

പൗലോസ് ശ്ലീഹാ താൻ കർത്താവിൻെറ സഹോദരനായ യാക്കോബിനെ കണ്ടു എന്ന് പറയുന്നു (ഗലാ. 1:19). ഈ യാക്കോബിനെ ചെറിയ യാക്കോബ് എന്ന് വിളിക്കുന്നു. (മർക്കോസ് 15:40). സെബദിപുത്രനായ യാക്കോബല്ല ഇത് എന്ന് കാണിക്കുന്നതിനു വേണ്ടിയാണ് ഇത്. ഇദ്ദേഹത്തെ മറ്റൊരു ഭാഗത്ത് അല്ഫായിയുടെ മകനായ യാക്കോബ് എന്ന് വിളിക്കുന്നു (മത്തായി 10:3). ഇദ്ദേഹം ഒരു അപ്പോസ്തോലൻ ആയിരുന്നു (ഗലാ. 1:19, മത്തായി 10:3)

മത്തായി ശ്ലീഹാ പറയുന്നു "ഗലീലിയായിൽ നിന്ന് യേശുവിനെ ശുശ്രൂഷിച്ചുകൊണ്ട് അനുഗമിച്ച പല സ്ത്രീകളും ദൂരത്ത് നോക്കിക്കൊണ്ട് ഇരുന്നു. അവരിൽ മഗ്ദലക്കാരത്തി മറിയയും യാക്കോബിൻെറയും യോസയുടെയും അമ്മയായ മറിയയും സെബദിപുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു" (മത്തായി 27:55-56). യാക്കോബിൻെറയും യോസയുടെയും അമ്മയുടെ പേര് ക്ലെയോപ്പാ എന്നായിരുന്നു. യോഹ. 19:25-ൽ പറയുന്നു. "യേശുവിൻെറ കുരിശിൻെറ അരികിൽ അവൻെറ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പായുടെ ഭാര്യയുമായ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു" എന്ന്.

യാക്കോബിൻെറയും യോസയുടെയും അമ്മയായ മറിയാമായിരുന്നു കുരിശിൻചുവട്ടിൽ മഗ്ദലക്കാരി മറിയയോട് ഒത്തുനിന്നിരുന്നത് 'മത്തായി 27:55-56). ഇവർ രണ്ടു പേരുമായിരുന്നു സുഗന്ധവർഗ്ഗവുമായി കർത്താവിൻെറ കല്ലറയ്ക്കൽ ചെന്നവർ (യോഹ. 19:25). ഇവരെക്കുറിച്ചാണ് യോഹന്നാൻ ശ്ലീഹായും ക്രൂശിനരികെ നിന്ന സ്ത്രീകളെന്ന് പറയുന്നത്.

ആകയാൽ കർത്താവിൻെറ സഹോദരങ്ങൾ എന്ന് എഴുതിയിരിക്കുന്നത് അടുത്ത ബന്ധത്തിൽപ്പെട്ടവരെ ഉദ്ദേശിച്ചാണ്. കർത്താവിൻെറ സഹോദരങ്ങൾ എന്ന പദത്തിൽ മാത്രം ശ്രദ്ധ വയ്ക്കാതെ ഏത് തരത്തിലുള്ള സഹോദരങ്ങൾ എന്ന് കൂടി വേദപുസ്തകത്തിൻെറ അടിസ്ഥാനത്തിൽ പരിശോധിക്കുവാൻ പ്രൊട്ടസ്റ്റൻറുകാർ ശ്രദ്ധിക്കണം.

സഭാപിതാക്കന്മാരായ മാർ അപ്രേം, മാർ എപ്പിപ്പാനിയസ് തുടങ്ങിയവർ കർത്താവിൻെറ സഹോദരർ, യൗസേഫിന് ആദ്യ ഭാര്യയിൽ നിന്നുള്ളവരാണ് എന്ന് ചിത്രീകരിക്കുന്നുണ്ട്. എല്ലാ സഹോദരങ്ങളുടെ കാര്യങ്ങളിലും അത് ശരിയല്ലെങ്കിലും ചില സഹോദരങ്ങൾ ആ രീതിയിൽ ഉള്ളവർ ആയിരിക്കും. എന്തായാലും യേശുവല്ലാതെ കന്യകമറിയാമിന് മറ്റ് മക്കളില്ലായിരുന്നു എന്നുള്ളത് വേദപുസ്തകം തന്നെ വ്യക്തമാക്കുന്നുണ്ട്. ക്രൂശിൽ കിടന്നുകൊണ്ട് തൻെറ മാതാവിനെ താൻ ഏൽപ്പിക്കുന്നത് താൻ സ്നേഹിക്കുന്ന ശിഷ്യൻെറ (യോഹന്നാൻെറ) കയ്യിലാണ് (യോഹ. 19-26-27). മറ്റ് മക്കൾ കന്യകമറിയാമിന് ഉണ്ടായിരുന്നെങ്കിൽ ഇതിൻെറ ആവശ്യമില്ലായിരുന്നു.

**ഉപസംഹാരം**

ചുരുക്കത്തിൽ, കന്യകമറിയാമിനെ നിത്യകന്യകയെന്ന് സഭ ഘോഷിക്കുന്നത് യേശുതമ്പുരാൻെറ അത്ഭുതകരമായ ജനനവുമായി ബന്ധപ്പെട്ടാണ്. യേശുതമ്പുരാൻ ദൈവമാണ്. "കന്യകമറിയാമിൻെറ ഉദരം ദൈവം വസിച്ച സിംഹാസനമാണ്. ആ സിംഹാസനത്തിൽ മറ്റാരും ഇരിക്കുന്നത് ദൈവത്തിൻെറ അത്യുന്നത ശ്രേഷ്ഠതയ്ക്ക് തന്നെ ഭംഗം വരുത്തുന്നതാണ് എന്ന് മാർ അപ്രേം പറഞ്ഞിട്ടുണ്ട്. യെഹസ്ക്കിയേൽ പ്രവചനത്തിൽ "വി. മന്ദിരത്തിൻെറ കിഴക്കോട്ട് ദർശനമുള്ള പുറത്തെ ഗോപുരത്തിൽ തുറക്കാതെ അടച്ചിരിക്കുന്ന വാതിലുണ്ട്. യഹോവ അരുളിച്ചെയ്യുന്നു. ഈ ഗോപുരം തുറക്കാതെ അടച്ചിരിക്കേണം. ആരും അതിൽക്കൂടി കടക്കരുത്. യിസ്രായേലിൻെറ ദൈവമായ യഹോവ അതിൽക്കൂടി അകത്തു കടന്നതുകൊണ്ട് അത് അടച്ചിരിക്കേണം" (യോഹ 44:2). ഈ ഗോപുരം വചനമാം ദൈവം ഇറങ്ങിവസിച്ച വി.കന്യകയുടെ ഉദരമാണ്. മറ്റാർക്കും ഈ ഗോപുരം വഴി പ്രവേശിക്കുവാൻ അർഹതയില്ല.

# "Hail, Full of Grace, the Lord is with Thee,

Fr. Johnson Iype



After the Ascension of the Lord, the Mother of God remained in the care of the Apostle John the Theologian, and during his journeys She lived at the home of his parents, near the Mount of Olives. She was a source of consolation and edification both for the Apostles and for all the believers. She told them about miraculous events: the Annunciation, the seedless and undefiled Conception of Christ born of Her, about His early childhood, and about His earthly life. Like the Apostles, She helped plant and strengthen the Christian Church by Her presence, Her discourse and Her prayers.

The reverence of the Apostles for the Most Holy Virgin was extraordinary. After the receiving of the Holy Spirit on the day of Pentecost, the Apostles remained at Jerusalem for about ten years attending to the salvation of the Jews, and wanting to see the Mother of God and hear Her holy words. Many of the newly-enlightened in the Faith even came from faraway lands to Jerusalem, to see and to hear the All-Pure Mother of God.

In one such visit to Golgotha, the Archangel Gabriel appeared to Her and announced Her approaching departure from this life to eternal life. In pledge of this, the Archangel gave Her a palm branch. With these heavenly tidings the Mother of God returned to Bethlehem with the three girls attending Her (Sepphora, Abigail, and Jael ). She summoned Righteous Joseph of Arimathea and the other disciples of the Lord, and told them of Her impending Repose.

The faithful, whose number by then was impossible to count, gathered together, wrote St. John of Damascus, like clouds and eagles, to listen to the Mother of God. Seeing one another, the Disciples rejoiced, but in their confusion they asked each other why the Lord had gathered them together in one place. St. John the Theologian, greeting them with tears of joy, said that the time of the Virgin's repose was at hand. Going in to the Mother of God, they beheld Her lying upon the bed, and filled with spiritual joy. The Disciples greeted Her, and they told her how they had been carried miraculously from their places of preaching. The Most Holy Virgin Mary glorified God, because He had heard Her prayer and fulfilled Her heart's desire, and She began speaking about Her imminent end. During this conversation the Apostle Paul also appeared in a miraculous manner together with his disciples and others of the Seventy Apostles. She called each of them to Herself by name, She blessed them and extolled them for their faith and the hardships they endured in preaching the Gospel of Christ. To each She wished eternal bliss, and prayed with them for the peace and welfare of the whole world.



A joyous angelic song then began. Accompanying the pure soul of the God-betrothed and with reverent awe for the Queen of Heaven, the angels exclaimed: "Hail, Full of Grace, the Lord is with Thee, blessed art Thou among women! For lo, the Queen, God's Maiden comes, lift up the gates, and with the Ever-Existing One, take up the Mother of Light; for through Her salvation has come to all the human race. It is impossible to gaze upon Her, and it is impossible to render Her due honor" (Stikherion on "Lord, I Have Cried"). The Heavenly gates were raised, and meeting the soul of the Most Holy Mother of God, the Cherubim and the Seraphim glorified Her with joy. The face of the Mother of God was radiant with the glory of Divine virginity, and from Her body there came a sweet fragrance.

Bewailing their separation from the Mother of God, the Apostles prepared to bury Her all-pure body. The Apostles carried the funeral bier upon their shoulders, and upon it lay the body of the Ever-Virgin Mary. St. John the Theologian went at the head with the resplendent palm-branch from Paradise. The other Disciples and a multitude of the faithful accompanied the funeral bier with candles and censers, singing sacred songs. This solemn procession went from Sion through Jerusalem to the Garden of Gethsemane.

An angry crowd and soldiers set off against the Christians, but the circular cloud accompanying the procession descended and surrounded them like a wall. The pursuers heard the footsteps and the singing, but could not see any of those accompanying the procession. Indeed, many of them were struck blind. The Jewish priest Athonios, out of spite and hatred for the Mother of Jesus of Nazareth, wanted to topple the funeral bier on which lay the body of the Most Holy Virgin Mary, but an angel of God invisibly cut off his hands, which had touched the bier. Seeing such a wonder, Athonios repented and with faith confessed the majesty of the Mother of God. He received healing and joined the crowd accompanying the body of the Mother of God, and he became a zealous follower of Christ.

For three days they did not depart from the place of burial, praying and chanting Psalms. Through the wise providence of God, the Apostle Thomas was not present at the burial of the Mother of God. Arriving late on the third day at Gethsemane, he lay down at the tomb and with bitter tears asked that he might be permitted to look once more upon the Mother of God and bid her farewell. The Apostles out of heartfelt pity for him decided to open the grave and give him the comfort of Venerating the holy relics of the Ever-Virgin Mary. Having opened the grave, they found in it only the grave wrappings and were thus convinced of the bodily ascent of the Most Holy Virgin Mary to Heaven.

Christians honored the sepulcher of the Mother of God, and they built a church on this spot. Within the church was preserved the precious funeral cloth, which covered Her all-pure and fragrant body. In the fifth century, Patriarch Juvenal of Jerusalem testified before Emperor Marcian as to the authenticity of the tradition about the miraculous ascent of the Mother of God to Heaven, and he sent to Empress Pulcheria the grave wrappings of the Mother of God from Her tomb. Pulcheria then placed these grave-wrappings within the Blachernae church.

The rite of the Burial of the Mother of God at Gethsemane begins customarily on the morning of August 14. A multitude of people with hierarchs and clergy at the head set off from the Jerusalem Patriarchate (nearby the Church of the Resurrection of Christ) in sorrowful procession. Along the narrow alley-ways of the Holy City the funeral procession makes its way to Gethsemane. Toward the front of the procession an icon of the Dormition of the Most Holy Theotokos is carried. Along the way, pilgrims meet the icon, kissing the image of the All-Pure Virgin Mary and lift children of various ages to the icon. The procession, going along for about two hours, concludes with Lamentations at the Gethsemane church. In front the altar, beyond the burial chamber of the Mother of God, is a raised-up spot, upon which rests the burial shroud of the Most Holy Mother of God among fragrant flowers and myrtle, with precious coverings. Today flowers are blessed in church, and people keep them in their homes. During times of family strife or illness, the flower petals are placed in the censer with the incense, and the whole house is censed. "O marvelous wonder! The Fount of Life is placed in the grave, and the grave doth become the ladder to Heaven..." Here at the grave of the All-Pure Virgin, these words strike deep with their original sense and grief is dispelled by joy: "Hail, Full of Grace, the Lord is with Thee, granting the world, through Thee, great mercy.



## യുവജനവാരാഘോഷസമാപനവും ഓണാഘോഷവും

സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിൻെറ അഭിമുഖ്യത്തിൽ യുവജനവാരാഘോഷസമാപനവും ഓണാഘോഷവും സെപ്റ്റംബർ 18 ഞായറാഴ്ച നടത്തപ്പെടുന്നു. കേന്ദ്ര വെയർഹൗസ് കോർപറേഷൻ ചെയർമാൻ ഡോ. സി.വി. ആനന്ദബോസ് ഐ.എ.എസ് (റിട്ട.) മുഖ്യാതിഥിയായി പങ്കെടുക്കും. യുവജനവാരാഘോഷത്തോടനുബന്ധിച്ച് വിവിധ സാമൂഹിക സേവനപ്രവർത്തനങ്ങൾ നടത്തപ്പെടുന്നു. ഭവനസന്ദർശനം, വിവിധ ധനസഹായപദ്ധതി, സൗജന്യ ബുക്ക് ബാങ്ക് എന്നിവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.



MGOCSM ഡൽഹി ഭദ്രാസനത്തിൽ മികച്ച യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ട സെന്റ് മേരീസ് ഹോസ്ഖാസ് യൂണിറ്റംഗങ്ങൾ ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ യൂഹാനോൻ മാർ ദിമെത്രിയോസ് തിരുമേനിയോടൊപ്പം

# “നീ കൊല ചെയ്യരുത് ”

ഫാ. ബിജു പി.തോമസ്

“റസ്ക്കോൾ നിക്കവ് ഒരു ദാർശനികന്റെ മട്ടിൽ പറഞ്ഞു, “മനസാക്ഷിയുള്ള ഒരാൾ ഒരു കൊലപാതകം ചെയ്തുവെന്നിരിക്കട്ടെ, അയാളെ ആരും ശിക്ഷിച്ചില്ലായെങ്കിൽ കൂടിയും പിന്നീട് അയാൾക്ക് അനുഭവിക്കേണ്ടിവരുന്ന മാനസിക പീഢനങ്ങളായിരിക്കും അയാൾക്കു കിട്ടുന്ന കടുത്ത ശിക്ഷ.”

**കുറ്റവും ശിക്ഷയും – ഫെയ്ദോർ ദസ്തെവ്സ്കി**

പെരുമ്പാവൂരിലെ ജിഷ വധക്കേസും ചെങ്ങന്നൂരുള്ള പിതാവിനെ മകൻ അറുംകൊല ചെയ്തതും ,അമേരിക്കയിലെ കൂട്ടക്കൊലപാതകവും, ഐ.എസ് പോലുള്ള ഭീകരന്മാരുടെ ഭീതിജനകമായ കൊലപാതകങ്ങളും രാജ്യാന്തരതലത്തിൽ മാധ്യമങ്ങളും ജനങ്ങളും അറിയുകയും ഞെട്ടുകയും രസിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിലാണിത് എഴുതുന്നത്. ഇന്നലെ ധാക്കയിലും ഇന്ന് ബാഗ്ദാദിലും നരഹത്താക്കൾ മനുഷ്യജീവന്റെ മേൽ ഭീകര നൃത്തം ചവിട്ടുന്നു.

എല്ലാവരും അവരവരുടെ ഭാവനയ്ക്കനുസൃതമായി ഏതാനും ദിവസങ്ങൾ പാതകങ്ങളെ അപഗ്രഥിക്കുകയും ചിലരെ കുറ്റമുനയിൽ നിർത്തുകയും –ചന്തപ്പുറത്ത് നടക്കുന്ന ചെറു സർക്കസ് കണ്ട് ആനന്ദ നിർവൃതിയിലായി, തന്റേതായ വഴിയിൽ വിസ്മയ – ദുഃഖഭാവവുമായി സ്വന്തം യാത്ര തുടരുകയും ചെയ്യുന്നു. ഉത്തരാധുനിക ലോകത്തിൽ, ഇന്നത്തെ സാമൂഹിക, രാഷ്ട്രീയ, നീതിന്യായ ഭരണ സംമ്പ്രദായത്തിൽ ഒരു സാധാരണ മനുഷ്യന് ഇതിൽ കൂടുതൽ ഒന്നും ചെയ്യുവാൻ സാധിക്കാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. ഈ അപകടം പോലും മനിലാക്കുവാൻ സാധിക്കുന്നില്ല എന്നത് മനുഷ്യത്വത്തിന്റെ ലജ്ജാകരമായ അവസ്ഥയാണ്. നാം സമൂഹത്തിന്റെ ഭാഗമാണ്, നാമാണ് സമൂഹം, ഞാൻ സമൂഹത്തിനാണ്, എനിക്ക് സമൂഹത്തോട് ബന്ധം ഉണ്ട് എന്ന ചിന്ത മനുഷ്യ മനസിൽ നിന്നും കൊഴിഞ്ഞു പോയിരിക്കുന്നു.

എന്തുകൊണ്ട് മനുഷ്യൻ ഇങ്ങനെ നീചനാകുന്നു? മനുഷ്യന് ഇത്രയും ക്രൂരനാകുവാൻ സാധിക്കുമോ? ജിഷയെ കൊല ചെയ്ത ഘാതകനും സ്വന്തം പിതാവിനെ കൊലചെയ്ത നിഷ്ഠൂരനായ മകനും കൊല ചെയ്തു എന്നതു മാത്രമല്ല, മൃതശരീരത്തെ മനുഷ്യ മനസാക്ഷി എന്നൊന്ന് ഇല്ലെന്ന കണക്കിനു വൈകൃതമാന ത്തോടെ കൈകാര്യം ചെയ്തു എന്നതും നമ്മെ ഇരുത്തി ചിന്തിപ്പിക്കേതാണ്. “എന്തേ മനുഷ്യൻ ഇങ്ങനെ?” ഇതിപ്പോൾ കേരളത്തിൽ മാത്രമല്ല എന്നത് ആശ്വാസകരമാണോ? പലതിനു നാം ആശ്വാസവും അഭിമാനവും കൊള്ളുന്നത് അതൊരു അന്താരാഷ്ട്ര നിലവാരം പുലർത്തുമ്പോഴാണ്. അതുകൊണ്ടാണല്ലോ ഒരു ഭദ്രാസന വിഷയമാണെങ്കിലും എല്ലാം അന്താരാഷ്ട്ര സമ്മേളനങ്ങൾ ആകുന്നത്. സിറിയയിലും, ഇറാഖിലും, അഫ്ഗാനിലും, ആഫ്രിക്കയിലും, അമേരിക്കയിലും “ഭീകരന്മാർ” എന്ന് സ്വയവും സമൂഹവും വിശേഷിക്കപ്പെടുന്നവർ ഇത്രയും ഹീനവും പൈശാചികവും (മൃഗീയം എന്ന് പറയുന്നില്ല കാരണം മൃഗങ്ങൾ ഇത്രയും ഹീനമായ പാതകങ്ങൾ, ആധുനിക മൃഗലോകത്ത്– പഴമയിൽ ഉണ്ടാകാം– സ്വന്തം വർഗത്തോട് ചെയ്യുന്നില്ല). മനുഷ്യന്റെ തലവെട്ടുന്നതും അംഗവിച്ഛേദം നടത്തുന്നതും ക്രൂരമായ മരണത്തിന് വിധേയമാക്കുന്നതും ഇന്റർനെറ്റിൽ കാലറയ്ക്കുന്ന ഇത്തരം ദൃശ്യങ്ങൾ ലക്ഷക്കണക്കിന് ആളുകൾ ആകാംഷയോടെ കാണുന്നു എന്നുള്ളതും മാറുന്ന മനുഷ്യ മനസാക്ഷിയുടെ തെളിവാണ് മറ്റൊന്നും പങ്കുവയ്ക്കാനില്ലാത്തതിനാൽ ഇത്തരം ഭീകരകാഴ്ചകളെ “വൈറലാക്കി” ആത്മസംതൃപ്തി അടയുന്ന പുത്തൻ പ്രവണത വർദ്ധിച്ചു വരുന്നു.

മനുഷ്യൻ വാസ്തവത്തിൽ ആരാണ്? സർവ്വ ശക്തനായ ദൈവത്തിന്റെ സൃഷ്ടിയാണെന്ന് എല്ലാ വേദഗ്രന്ഥങ്ങളും അനുശാസിക്കുന്നു. സഹസ്രാബ്ദങ്ങളായി വിശ്വസിക്കുന്നു. കുറേക്കൂടെ ആഴമായ ആത്മ ബന്ധത്തിൽ “ദൈവമക്കൾസ – Children of God – എന്ന വിശേഷണം മനുഷ്യന് ഉണ്ട്. ഇത്തരം ഒരു അറിവിനും ഉയർന്ന ചിന്തയ്ക്കും സവിശേഷമായ സ്വാധീനം മനുഷ്യ ജീവിതത്തിൽ കാലാകാലങ്ങളിൽ ചെലുത്തുവാൻ ഇടയായിട്ടുണ്ട്. ഒരുതരം ഉത്കൃഷ്ടമായ മാനസികാവസ്ഥ മനുഷ്യനു സ്വയം പരിപാലിക്കുവാൻ ഇത്തരത്തിലുള്ള



ഉന്നത ദർശനം മാനവീകതയെ സഹായിച്ചിട്ടുണ്ട്. വി. വേദഗ്രന്ഥം ആരംഭിക്കുന്നത് തന്നെ ദൈവം എല്ലാത്തിനേയും സൃഷ്ടിക്കുന്ന സംഭവം വിവരിച്ചുകൊണ്ടാണ്. എല്ലാ ദിവസവും സൃഷ്ടിയെ നോക്കി “നല്ലത്” എന്നു കണ്ട് സംതൃപ്തി അടയുന്ന ദൈവത്തിന്റെ ചിത്രം വളരെ കൗതുകകരമായി തോന്നിയിട്ടുണ്ട്. മനുഷ്യനെ കുറേക്കൂടി താത്പര്യമെടുത്ത് ശ്രദ്ധയോടെ നിർമ്മിച്ചു എന്ന് തിരുവെഴുത്തിൽ കാണുന്നു. ദൈവം തന്റെ കൈവിരുതിനാൽ നിർമ്മിച്ച്, നല്ലതെന്ന് പ്രഖ്യാപിച്ച്, സൃഷ്ടിയുടെ എല്ലാം കിരീടമായ മനുഷ്യൻ, എന്തു കാരണത്താലാണെങ്കിലും പരസ്പരം ഉപദ്രവിക്കുന്നതും പീഡിപ്പിക്കുന്നതും അറും കൊല ചെയ്യുന്നതു മഹാപാതകം തന്നെയല്ലേ? “നീ കൊലചെയ്യരുത” എന്ന് എത്ര ശകതമായിട്ടാണ് പത്തു കല്പനകളിൽ പറയുന്നത്. മനുഷ്യനോടുള്ള ക്രൂരതയും അക്രമവും മാത്രമല്ല, ദൈവത്തോടുള്ള അവഹേളനവും അക്രമവും കൂടിയാണിത്.

ജീവനുണ്ടാക്കുവാൻ മനുഷ്യന് സാധിക്കുമോ? ജീവൻ ദൈവത്തിന്റേതാണ്. ദൈവത്തിന്റെ ശ്രേഷ്ഠമായ ദാനമാണിത്. ശാസ്ത്രവും സാങ്കേതിക വിദ്യയും വളരെയേറെ വികസിച്ചെങ്കിലും ജീവന്റെ ആധാരം ഇപ്പോഴും ദൈവം തന്നെ. മാറ്റം ഒന്നും വന്നിട്ടില്ല. ജീവനിൽ നിന്നും ജീവൻ പകർത്താം. ജീവൻ സമൃദ്ധമാക്കാം. ഒരു തിരിവെട്ടത്തിൽ നിന്നും കോടാനുകോടി തിരികളിലേക്ക് പകരുന്നതു പോലെ .... എന്നാൽ ജീവൻ പ്രാപിക്കുവാൻ സാധ്യമല്ല. അമൂല്യമാണ് ജീവൻ. നാം അദൃശ്യനായ ദൈവത്തെ ദർശിക്കുന്നത് ഈ പ്രപഞ്ചത്തെ മനോഹരമാക്കിയിരിക്കുന്ന ജീവനിൽ കൂടിയാണ്. അതിനെ അപമാനിക്കുന്നതിനും അക്രമം കാട്ടുന്നതിനും നമുക്കെന്തധികാരം? മതനിയമ നിഷേധിയായി ജീവിക്കുന്നു എന്ന അപവാദത്തിൽ, കല്ലെറിഞ്ഞു കൊല്ലുവാനുള്ള വിധി ക്രിസ്തുവിൽ നിന്നും നേടുവാൻ വന്നവരിൽ നിന്നും എത്ര സഹതാപപൂർവ്വമാണ് ഒരു ജീവന്റെ തുടിപ്പിനെ ക്രിസ്തു നേടിയത്. ഒരു ജീവൻ എത്ര വലുത് എന്ന് ക്രിസ്തു നമ്മെ പഠിപ്പിക്കുകയായിരുന്നു. സൃഷ്ടിച്ച ദൈവം നമ്മുടെ കൊടും പാതകങ്ങൾ ക്ഷമിച്ചു സഹിച്ചു പൊറുക്കുമ്പോഴും നാമെന്തേ ക്രൂരന്മാരായി പോകുന്നു? പരസ്പരം ദയാവായ്പ് നഷ്ടപ്പെടുന്നു.

ഭൂമിയിൽ ജീവന്റെ തുടിപ്പ് എന്നെന്നേക്കും ഇല്ലതാക്കുവാൻ പ്രാപ്തിയുള്ള ആയുധ ശേഖരണം നടത്തുകയും ലക്ഷകണക്കിനാളുകൾക്ക് ജീവാപായം നടത്തുന്ന യുദ്ധങ്ങൾ അരങ്ങേറ്റുകയും ഭീകരന്മാരെ സൃഷ്ടിക്കുകയും അവർക്കായുധം നൽകി, അവരോട് രഹസ്യ വ്യവസ്ഥകൾ പാലിച്ച് വ്യാജം കാട്ടുകയും ചെയ്യുന്ന വൻ ശക്തികൾ, ഇന്ത്യ ഉൾപ്പെടെ, ജീവന്റെ തുടിപ്പ് നിലനിർത്തുവാനും ഭീമമായ തുകകൾ മുടക്കുകയും ചെയ്യുന്ന വിരോധാഭാസം സ്വയം പരിഹാസം ആണ്. എത്രയോ ഭീമമായ തുകയാണ് അന്യഗ്രഹങ്ങളിൽ ജീവന്റെ അംശം ഉണ്ടോ എന്ന് അന്വേഷിക്കുവാൻ മുടക്കുന്നത്. കണക്കുകൾ നിരത്തി, വായനക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല.

കരുണയുടെ സുകൃതം മനുഷ്യരിൽ നഷ്ടപ്പെടുവാൻ കാരണമാകുന്ന ചില കാര്യങ്ങൾ ഇവിടെ കുറിക്കുകയാണ്. വിസ്താര ഭയത്താൽ കണക്കും രേഖകളും ചേർത്തെഴുതുവാൻ സാധിക്കുന്നില്ല. ചില സാമൂഹിക സ്ഥാപനങ്ങളുടെ പരാജയമാണ് മനുഷ്യന്റെ അധപതനത്തിന് കാരണമെന്ന് അപഗ്രഥനത്തിൽ തെളിഞ്ഞുവരുന്നു.

**1. ഗവൺമെന്റുകൾ**

ഭരണയന്ത്രം നിയന്ത്രിക്കുന്ന സർക്കാരുകൾ നിയമവിധേയമായിട്ടാണെങ്കിലും അല്ലെങ്കിലും കൊലപാതകങ്ങളും യുദ്ധങ്ങളും നടത്തി ശക്തി നേടുന്നതും വീര്യം കാട്ടുന്നതും യുക്തമല്ല. ജനായത്തപരമായിട്ടാണ് ഇന്ന് സർക്കാരുകൾ ഭരണത്തിൽ വരുന്നത്. ജനങ്ങൾക്ക് സംരക്ഷണം നൽകുവാനാണ് തെരഞ്ഞെടുത്ത് ഭരണം കൈമാറുന്നത്. ജനത്തിന്റെ കൈവശമാണ് സർക്കാരുകളുടെ അധികാരം. അവരുടെ ഭരണാതിർത്തിയ്ക്കുള്ളിൽ, കരുണയും, നീതിയും, സത്യവും ജനത്തിനു നൽകുന്നതിലാകണം ശ്രദ്ധ വളരെയേറെ കലുഷിതമാണ് ഇന്നത്തെ ആഗോളസാമൂഹിക വ്യവസ്ഥ. മാറി വന്നിരിക്കുന്ന സാഹചര്യം അത്ര അനുകൂലമല്ലെങ്കിലും, സർക്കാരുകൾ നടത്തുന്ന കൊലപാതകങ്ങൾ നിർത്തണം. പ്രാകൃതമായ വധശിക്ഷയും ഇല്ലാതാകണം. സാധാരണക്കാർ നടത്തുന്നത് കൊലപാതകവും സർക്കാർ നടത്തുന്നത് നീതിയും എന്ന ധാരണ ശരിയല്ല. ജനം നടത്തുന്ന കൊലപാതകങ്ങളേക്കാൾ കൂടുതൽ ഭരണകൂടങ്ങളും സ്വേച്ഛാധിപതികളുമാണ് നടത്തുന്നത്. ആധുനിക ഉപകരണങ്ങളുടെ പിൻബലത്തോടെ ഇറാഖിലും, അഫ്ഗാനിസ്ഥാനിലും, ലിബിയയിലും, പാലസ്തീനിലും മറ്റും നടത്തുന്ന അതിക്രൂരമായ നരഹത്യകൾ മനുഷ്യമനസിനെ മലീനമാക്കുന്നു. ക്രൂരമായ പെരുമാറ്റ വാസനയിലേക്ക് മനുഷ്യ മന്മാറി പോകുന്നു. കുരുന്നു ഹൃദയങ്ങളിൽ പോലും ക്രൂരമായ പെരുമാറ്റം സാധാരണമാകുന്നു.

ആധുനിക വാർത്താമാദ്ധ്യമങ്ങൾ മിഴിവുറ്റ കാഴ്ചകളായി അവയെ ലോകമെമ്പാടും എത്തിക്കുന്നു. ഇന്ന് മനുഷ്യരിൽ അക്രമ വാസന വളർത്തുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നത് അടിച്ചമർത്തുന്ന മാനസികാവസ്ഥ പുലർത്തുന്ന സർക്കാരുകളാണ്. രാജ്യത്തിന്റെ വളർച്ചയ്ക്ക് യുദ്ധങ്ങളും, ആയുധങ്ങളും കൊലപാതകങ്ങളും അനിവാര്യമാണ് എന്ന ചിന്ത നേതാക്കന്മാരിൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നു. അടിച്ചേൽപ്പിക്കുന്നതോ വമ്പൻ ആയുധ നിർമ്മാണ കമ്പനികളും, സമ്പന്നന്മാരും മനുഷ്യ രക്തം ഊറ്റിക്കുടിച്ച് വീർക്കുന്ന വികൃത മാനസരും.

സെക്യുലറിസത്തെ (മതനിരപേക്ഷത) മഹത്വീകരിച്ച് ദൈവത്തേയും ദൈവീക ചിന്തകളേയും ലോകമാസകലം രാജ്യങ്ങൾ അവഗണിച്ചു. വാസ്തവത്തിൽ അവഹേളിച്ചു. മതങ്ങളെ ഞാൻ മഹത്വീകരിക്കുന്നില്ല. അമേരിക്കയിലെ കൂട്ട വെടിവെപ്പിനു ശേഷം രോഷാകുലനായ പ്രശസ്തനായ ഒരു മതപ്രഭാഷകൻ പ്രസിഡന്റിനോട് പറഞ്ഞു. ''നിങ്ങൾ ഭരണത്തിൽ നിന്നും ദൈവത്തെ എടുത്തു കളഞ്ഞു. അമേരിക്ക ഇങ്ങനെ ആയതിനു കാരണം ദൈവ നിഷേധമാണ്.''

**2. മതങ്ങൾ**

മതങ്ങൾ ജീവന്റെ കാവൽക്കാരും ജീവന്റെ സുവിശേഷകരുമാണ് എന്നത് പൊതുവിശ്വാസമാണ്. ജീവന്റെ വിലയും ഉത്കൃഷ്ടതയും പഠിപ്പിക്കേതായ കർമ്മപരമായ ഉത്തരവാദിത്വം മതങ്ങൾക്കാണ്. മതങ്ങൾ വളരെ സെൻസിറ്റീവ് ആയ ഒരു സ്ഥാപനമാണ്. മതങ്ങൾ മതനേതാക്കന്മാർക്ക് തന്നിഷ്ടം കാണിക്കാനുള്ളതല്ല എന്ന തിരിച്ചറിവുണ്ടായാൽ കുറെയേറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. സമൂഹത്തെ ശുദ്ധീകരിച്ച്, പവിത്ര മാനസരായി, മരണത്തിനുമപ്പുറത്ത്, നിത്യനിദാന്ത അനശ്വര നന്മയിലേക്ക് ജീവനെ നയിക്കുന്ന മാർഗ്ഗം ആണത്. ആദ്ധ്യാത്മിക നേതൃത്വത്തിൽ ദീപം പിടിച്ചു നിൽക്കുന്ന മാർഗ്ഗ ദർശികളാകുന്നതിനു ഘടക വിരുദ്ധമായ നിലപാടുകളാണ് കാണുന്നത്. പലർക്കും പ്രശസ്തിയും, പെരുമയും, പണവും, സുഖവും, അധികാരവും കയ്യാളുവാനുള്ള മാർഗ്ഗമായി അധപ്പതിച്ചു. മനുഷ്യനെ പരസ്പരം ഭിന്നിപ്പിച്ച്, കലഹിപ്പിച്ച്, സമൂഹത്തിന്റെ നന്മയേയും, സമാധാനത്തേയും തകർക്കുന്ന നശീകരണ പ്രവണതയിലേക്ക് അധപതിച്ചു പോകുമ്പോൾ, മനുഷ്യൻ ക്രൂരന്മാരും, നിഷേധികളും, പ്രത്യാശയറ്റവരും ആയിത്തീരുന്നത് സ്വാഭാവികം തന്നെ. ജീവന്റെ സംരക്ഷകർ ആക്കേണ്ടവർ, കാറ്റു വിതച്ചു കൊടുങ്കാറ്റ് കൊയ്യുന്നതുപോലെ വിദ്വേഷത്തിന്റെയും, വെറുപ്പിന്റേയും കാറ്റു വിതച്ച് യുദ്ധവും കലാപങ്ങളും കൊയ്യുന്ന ക്രൂരമായ അവസ്ഥയാണ്.

മതനേതൃത്വങ്ങൾ തങ്ങളുടെ അധികാരത്തിലും പത്രാസിലും അഹങ്കാരം പുലർത്താതെ കരുണയും മനുഷ്യ സ്നേഹവും ജീവന്റെ വിലയും പഠിപ്പിക്കണം. ജീവൻ എന്നാൽ ദൈവം തന്നെയാണ്. പുതു തലമുറ ജീവന്റെ വില അറിഞ്ഞു തന്നെ വളരണം. പ്രഭാഷണങ്ങളിലും പ്രവൃത്തിയിലും സ്നേഹവും, ആർദ്രതയും, സഹതാപവും, കരുതലും നിറയണം. അസൂയയും, വിദ്വേഷവും പൂർണ്ണമായും ഒഴിവാക്കുക.

**3. കുടുംബം**

ഒരു കുരുന്നു ജീവൻ, യഥാർത്ഥ മനുഷ്യനായി രൂപപ്പെട്ട് വളരുന്നത് കുടുംബ പശ്ചാത്തലത്തിലാണ്. ജീവന്റെ വളർച്ചയിൽ അച്ഛനമ്മമാരും, കൂടപ്പിറപ്പുകളും, അയൽക്കാരും സുഹൃത്തുക്കളും വഹിക്കുന്ന പങ്ക് അമൂല്യമാണ്. ജീവന്റെ തുടിപ്പിൽ ഒറ്റയ്ക്ക് ഒരു സമ്പൂർണ്ണ മനുഷ്യനാകുവാൻ സാധ്യമല്ല. കുടുംബമാണ് മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കളരി. ദൈവത്തേയും, നന്മയേയും, സത്യവും, ബഹുമാനവും, സ്നേഹവും, കരുണയും, ആർദ്രതയും, കരുതലും എല്ലാം അനുഭവിക്കുന്നതും അറിയുന്നതും കുടുംബ പശ്ചാത്തലത്തിലാണ്. ആർദ്രതയോടും, ദയാവായ്പ്പോടും, സൗമ്യതയോടും തലോടുന്ന ഒരമ്മ അല്ലെങ്കിൽ മുത്തശ്ശി, പൈതലിലേക്ക് ചില നല്ല സ്വഭാവങ്ങൾ സന്നിവേശിപ്പിക്കുകയാണ്. തന്നിൽ നിന്നും പാൽ ഊറ്റി നൽകുന്ന അമ്മ കരുതലിന്റെയും, സഹനത്തിന്റേയും, ത്യാഗത്തിന്റേയും രുചി പാലിലൂടെ നൽകുകയാണ്. അമ്മിഞ്ഞപ്പാൽ ത്യാഗത്തിന്റെ ചാലിലൂടെയാണ് ഒഴുകി കുഞ്ഞിന്റെ ചുണ്ടിലെത്തുന്നത്. മകന്റെ കാൽ തട്ടി രക്തം പൊടിയുമ്പോൾ അലമുറയിട്ടോടി എത്തുന്ന അമ്മ എന്തൊരു മഹത്തായ പാഠം ആണ് പകരുന്നത്. എവിടെ മുറിവും വേദനയും ഉണ്ടായാലും മനംനൊന്ത് കരയണം എന്നത് മനുഷ്യത്വത്തിന്റെ ഭാവം ആണ്. മുറിവിന്റെയും, വേദനയുടെയും മനോഭാരം നമുക്ക് നഷ്ടപ്പെടുകയാണോ? വീണുമുറിയുന്ന കുഞ്ഞിനെ കഠിന വാക്കുകൾ കൊണ്ട് ശകാരിക്കുക്കയും, ശിക്ഷിക്കുകയും ചെയ്യുന്ന അമ്മ മറ്റൊരു ഭാവം ആണ് കുട്ടിയിലേക്ക് പകരുന്നത്. സ്നേഹം കിട്ടാത്തവരും, തിരസ്കൃതരായ മക്കളും, ശ്രദ്ധ ലഭിക്കാത്തവരും എല്ലാത്തിനും പരാതി കേൾക്കുന്നവരും, പീഢനം അനുഭവിക്കുന്നവരും, ക്രൂരതയുടെ കാണാപ്പുറം തേടി ആശ്വാസ തീരം കത്തി അതിൽ ആനന്ദ നിർവൃതി അടയുന്നവരാണ്. അവർക്ക് മറ്റൊരുതീരം കാട്ടണം. ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റെ ചെകിട് കൂടി കാട്ടി നൽകട്ടെ. ഏഴ് എഴുപതുവട്ടം ക്ഷമിക്കണം എന്നാണ് ക്രിസ്തുവിന്റെ ഭാവന.

ദസ്തയെവ്സ്കിയിൽ തന്നെ ഈ കുറിപ്പ് പര്യവസാനിപ്പിക്കുകയാണ്. ആദ്ദേഹത്തിന്റെ കണ്ടെത്തൽ ഇപ്രകാരം; ''കുറ്റവാളിയുടെ മാനസിക പ്രപഞ്ചമാണ് കുറ്റകൃത്യങ്ങളുടെ ഉറവിടം''.

ശുദ്ധമായ മാനസിക പ്രപഞ്ചം സൃഷ്ടിക്കുന്നതിൽ നല്ല ഭരണകൂടങ്ങളും, മതങ്ങളും, കുടുംബങ്ങളും, വിദ്യാലയങ്ങളും, കലകളും, സാംസ്കാരിക കൂട്ടങ്ങളും, നല്ല ഗ്രന്ഥങ്ങളും മറ്റും വഹിക്കുന്ന പങ്ക് ശ്രേഷ്ഠകരം തന്നെ. കരുണാദ്രമായ ഒരു ലോകം സ്വപ്നം കണ്ടു പോകാം. മണ്ണിൽ കളിക്കുന്ന കളികൾ കളിക്കാം. സാറ്റുകളിക്കാം, ഊഞ്ഞാലിലാടാം അങ്ങനെ ഉല്ലാസകരമാക്കാം മാനസിക പ്രപഞ്ചം. മനസിനെ പിരിമുറുക്കുന്ന യുദ്ധങ്ങളും, ഭീകരത നിറഞ്ഞതും അക്രമ വാസന മുറ്റി നിൽക്കുന്ന, കളികളിൽ നിന്നും പിഞ്ചു മനസുകളെ സ്വതന്ത്രമാക്കാം. മാനവികത വികസിക്കുന്നത് ശാസ്ത്രം, സാങ്കേതികവിദ്യ വിജ്ഞാനം വഴി മാത്രമല്ല, മറിച്ച് ഭയം കൂടാതെ സ്വതന്ത്രമായി എല്ലാവർക്കും ജീവിപ്പാൻ കഴിയുന്ന സാഹചര്യത്തിലാണ്.

# അനുദിന ജീവിതത്തിൽ തിരുവചന സ്വാധീനം.

ഫാ. തോമസ് ജോൺ മാവേലിൽ

വി. വേദപുസ്തക സംബന്ധമായ പഠനങ്ങളിൽ ഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും അനുദിനം കൂടിവരുന്നു. ശാസ്ത്രീയമായ പല ചോദ്യങ്ങളുടെയും ഉത്തരം ബൈബിളിൽ ഉണ്ടന്നുള്ള സത്യം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ലേഖനം എഴുതുമ്പോഴും ഗോല്യാത്തിന്റേത് എന്ന് അവകാശപ്പെടുന്ന അസ്ഥിപ ഞ്ജരം കണ്ടെത്തിയെന്ന വാർത്ത സാമൂഹ്യ മാദ്ധ്യമങ്ങളിൽ പ്രചരിക്കുന്നു. മനുഷ്യന്റെ അനുദിനജീവിതത്തിൽ തിരുവചനത്തിന് എന്നും അതിന്റേതായ സ്ഥാനമുണ്ട്. AD എന്നും BC എന്നും ചരിത്രത്തെത്തന്നെയും രണ്ടായി വിഭാഗിച്ച്, ക്രിസ്തു എന്ന സത്യത്തെ ലോകം നൂറ്റാണ്ടുകൾക്കു മുമ്പേ അംഗീകരിച്ചതാണ്. എങ്കിലും ന്യൂ ജനറേഷനും പുത്തൻ ജീവിതശൈലിയുമായി ജീവിക്കുന്ന ലോകത്തിനു മുമ്പിൽ ഒരു സത്യം വിവരിക്കുവാൻ ശ്രമിക്കു കയാണ്. ആധുനിക സുഖസൗകര്യങ്ങളുടെയും ഭൗതീകതയുടെയും സുഖസുഷു പ്തിയിൽ കഴിയുന്ന പുതു തലമുറയ്ക്കു മുമ്പിൽ ദൈവ കൃപയിൽ ജനിച്ച് ദൈവകൃപ നഷ്ടപ്പെട്ടുപോയ ഒരു യൗവ്വനക്കാരന്റെ ചരിത്രം സ്വന്തജീവിതം പരാജയപ്പെടുന്നതിനു മുമ്പേ സ്വയം പരിശോധനക്കു വിധേയമാക്കുവാൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നു.



**തിരുവചനവും തലമുറകളും**

ആദ്യസൃഷ്ടി ദൈവം ആദാമിൽക്കൂടി പൂർത്തീകരിച്ചു. ദൈവത്തിന്റെ വിശുദ്ധമായ സൃഷ്ടികർമ്മത്തിൽ പങ്കാളിയാകുവാൻ വിവാഹം എന്ന കൂദാശയിൽക്കൂടി ദൈവം ആഗ്രഹിച്ചു. ആദാമും ഹവ്വായും ഒന്നിച്ചതും ഒരുമിച്ചുള്ള ജീവിതത്തിന് അനുഗ്രഹം പകർന്നതും സന്തോഷമായി ജീവിക്കണമെന്ന് ആഗ്രഹിച്ചതും യഹോവയായ ദൈവമാണ്. തുടർന്നുള്ള തലമുറയിലെല്ലാം ദൈവത്തിന്റെ ഇടപെടലുകൾ വ്യക്തമാകുന്നുണ്ട്. അബ്രഹാം, ഇസഹാക്ക്, യാക്കോബ് തുടങ്ങിയുള്ള ഗോത്ര പിതാക്കന്മാരുടെയും അവരുടെ സന്തതിപരമ്പരകളുടെയും ജീവിതത്തിൽ ദൈവീക ബന്ധങ്ങളും സംഭാഷണങ്ങളും തീരുമാനങ്ങളും ഉണ്ടായിട്ടുണ്ട്. ദൈവീക നടത്തിപ്പിനു വിധേയപ്പെട്ടിടത്തെല്ലാം അനുഗ്രഹങ്ങളും തിരസ് കരിച്ചിടത്തെല്ലാം ദു:ഖങ്ങളും ഉണ്ടായിട്ടുണ്ട്.

**ശിംശോൻ എന്ന വാഗ്ദത്തം. (ന്യായാധിപന്മാർ 13 : 2-25)**

അബ്രഹാമിൽ തുടങ്ങി കുറെയധികം തലമുറകളെ പഠനത്തിനു സമർപ്പിച്ചുകൊണ്ട് ശിംശോന്റെ ജനന വളർച്ചകളെ ചിന്തകൾക്കു വിധേയമാക്കുകയാണ്. ദാൻ ഗോത്രക്കാരനായ മനോഹയ്ക്ക് ദൈവ വാഗ്ദത്തത്തിൽ ഉണ്ടായ മകനാണ് ശിംശോൻ. മനോഹയുടെ ഭാര്യക്കു പ്രത്യക്ഷപ്പെട്ട യഹോവയുടെ ദൂതൻ ജനിപ്പാൻ പോകുന്ന ബാലന്റെ ഭക്ഷണം, രൂപം, സ്വഭാവം, സൂക്ഷിക്കേണ്ട കാര്യങ്ങൾ എല്ലാം വെളിപ്പെടുത്തി. സ്ത്രീ ഗർഭവതിയാകുന്നതിനു മുൻപേ വെളിപ്പെടുത്തിയ ആ സത്യത്തെ അത്ഭുതം എന്ന് ചിന്തിച്ച് ചെറുതായി കാണരുത്. ഏശാവും യാക്കോബും ജനിക്കുന്നതിനു മുമ്പ് തന്നെ യഹോവ ഗർഭസ്ഥശിശുക്കളുടെ എണ്ണവും സ്വഭാവവും ഭാവിയും വെളിപ്പെടുത്തിയിരുന്നു. യഹോവ അവളോട് "രണ്ട് ജാതികൾ നിന്റെ ഗർഭത്തിൽ ഉണ്ട്. രണ്ടു വംശങ്ങൾ നിന്നിൽ നിന്നു തന്നെ പിരിയും. ഒരു വംശം മറ്റേ വംശത്തിലും ശക്തിപ്പെടും. മൂത്തവൻ ഇളയവനെ സേവിക്കും" എന്നരുളിച്ചെയ്തു. (ഉല്പത്തി 25 : 23)



വി. വിവാഹ കൂദാശയിൽക്കൂടി ഒന്നായി ജീവിക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് ഒന്നായി ജീവിച്ച് ദൈവത്തിന്റെ ദാനമായി നൽകപ്പെടുന്ന ഓരോ ജീവനും ഇപ്രകാരമുള്ള വാഗ്ദത്ത സന്തതികളാണ്. "മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ" (സങ്കീർത്തനങ്ങൾ 127 : 3). ഈ വാഗ്ദത്ത സന്തതികളുടെ വളർച്ച ഇന്ന് വികലമാക്കപ്പെട്ട് ശിംശോന്റെ ജീവിതംപോലെ പരാജയമായി മാറ്റപ്പെടുന്നു.

**ശിംശോൻ ദലീലയുടെ മടിയിൽ**

ശിംശോൻ, ദൈവീകശക്തി പ്രാപിച്ച യഹോവയുടെ ആത്മാവ് ഇറങ്ങി വസിച്ചിരുന്ന യൗവ്വനക്കാര നായിരുന്നു. ശിംശോന്റെ അന്ത്യത്തിനായി കാത്തിരുന്ന ഫെലിസ്ത്യർക്ക് ദലീല എന്ന പേരുള്ള ശിംശോൻ സ്നേഹിച്ച യുവതി ഒരപ കടമായിരുന്നു അവന്റെ ശക്തിക്കു പിന്നിൽ ഒരു രഹസ്യമുണ്ടായിരുന്നു ഓരോ മനുഷ്യന്റെയും ആത്മീക, ഭൗതീക വളർച്ചക്ക് പിന്നിൽ ഒരു ദൈവീക രഹസ്യം ഉണ്ട്. ദൈവം ശിംശോനു നൽകിയ ദൈവീകരഹസ്യം ചോർത്തിയെടുക്കുവാൻ ദലീല കിണഞ്ഞു പരിശ്രമിച്ചു. ഓരോ പ്രാവശ്യവും ശിംശോൻ കപടവാക്കുകളിൽക്കൂടി തന്റെ ശക്തിയുടെ യഥാർത്ഥ രഹസ്യം മറച്ചു വച്ചു. ദൈവം തനിക്കു നൽകിയ ശക്തിയുടെ രഹസ്യം മൂന്നു പ്രാവശ്യം ശിംശോൻ വെളിപ്പെടുത്തിയില്ല. എന്നാൽ നിരന്തരമായ നിർബ്ബന്ധത്തിനു മുമ്പിൽ അവൻ വീണുപോയി. അവൾ അവനെ മടിയിൽ ഉറക്കി, ഒരു ആളെ വിളിപ്പിച്ചു തലയിലെ ജട ഏഴും കളയിച്ചു. അവൾ അവനെ ഒതുക്കിത്തുടങ്ങി. അവന്റെ ശക്തി അവനെ വിട്ടു പോയി. (ന്യായാധിപന്മാർ 16 : 19). ദലീലയുടെ മടിയിൽ ഉറങ്ങിപ്പോയ ശിംശോൻ ദൈവ ഉടമ്പടിയുടെ രഹസ്യം പരസ്യമാക്കി സ്വയം ബലഹീനനായി മാറി. ആധു നിക ലോകത്തിൽ അനേകം ദലീലമാർ ജീവിക്കുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങളിലൂടെ ജനിച്ച് വിശുദ്ധരായി വളർന്ന അനേകം കുഞ്ഞു ങ്ങൾ യൗവ്വനത്തിലേക്കു കടക്കുമ്പോൾ വിശുദ്ധിയും ആത്മവിശ്വാസവും നഷ്ടപ്പെട്ട് ക്ഷിപ്രകോപികളും അനുസരണമില്ലാത്തവരും ഭവനത്തിൽ സമാധാനം നഷ്ടപ്പെടുത്തുന്നവരുമായി മാറുന്നു. യുവാക്കളുടെ ധാർമ്മിക അധ:പതനത്തിലേക്ക് ഇന്നത്തെ സാമൂഹ്യ മാദ്ധ്യമങ്ങൾ (Social Media) മാറുന്നുണ്ടോ എന്നു വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. Internet, Facebook, What's App തുടങ്ങിയ സാമൂഹ്യ മാദ്ധ്യമങ്ങളുടെ അമിതമായ ഉപയോഗം ഒരു ഭ്രാന്തൻ സംസ്കാരമായി മാറുന്നു. എമിറേറ്റ്സ് വിമാനം തീപിടിച്ചു കത്തുമ്പോൾ അതു വീഡിയോയിൽ പകർത്തി തന്റെ പേരിൽ പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി തനിക്കു മാത്രമല്ല, രക്ഷപെ ടുവാൻ ആഗ്രഹിക്കുന്നവർക്കും കൂടി ഭീഷണിയാകുന്നു. വഴിയരികിൽ

**ദലീലയുടെ മടിയിൽ ഉറങ്ങിപ്പോയ ശിംശോൻ ദൈവ ഉടമ്പടിയുടെ രഹസ്യം പരസ്യമാക്കി സ്വയം ബലഹീനനായി മാറി.**

രക്തം വാർന്ന് അല്പം ദാഹജലത്തിനും രക്ഷപ്പെടുത്തുവാനും കെഞ്ചുന്ന പാവങ്ങളുടെ ഫോട്ടോ പോസ്റ്റുകൾ സാമൂഹിക മാദ്ധ്യമങ്ങളിൽ പെരുകുന്നു. തങ്ങളുടെയും മറ്റുള്ളവരുടെയും സ്വകാര്യതകൾ ഇല്ലാതാക്കുവാൻ സാമൂഹിക മാദ്ധ്യമങ്ങൾക്കു സാധിക്കുന്നു. അതിവേഗം വാർത്തകൾ അയയ്ക്കുവാനും സന്ദേശം കൈമാറുവാനും അതിവേഗം കുതിക്കുന്ന ലോകത്തിൽ സാമൂഹ്യ മാദ്ധ്യമങ്ങൾക്ക് പ്രമുഖ സ്ഥാനമുണ്ട്. നിർഭാഗ്യവശാൽ സ്വയം വലിയവനാകുവാനും അതിൽക്കൂടി സ്വയം സംതൃപ്തി നേടുവാനുമുള്ള ഒരു വിഫല ശ്രമവും ഇതിൽക്കൂടി ഉണ്ടാവുന്നു. ഏത് ജീവിതത്തിനും ഏത് പ്രശ്നത്തിനും ചില നിബന്ധനകളുണ്ട്. പരസ്യവും രഹസ്യവുമായ പ്രതലങ്ങളുമുണ്ട്. പക്വതയില്ലായ്മ മൂലം അനേകരുടെയും ചിലപ്പോഴെങ്കിലും തങ്ങൾക്കു തന്നെയും മാനഹാനിയും ദു:ഖവും ഉണ്ടാകുവാൻ social media ഇടയാക്കിയിട്ടുണ്ടായിരിക്കാം. ഇതൊന്നും ഒഴിവാക്കി ഈ ലോകത്തിൽ നിന്നും പൂർണ്ണമായും മാറി നിൽക്കുവാൻ സാദ്ധ്യമല്ല. പക്ഷേ നല്ല നിയന്ത്രണം ആവശ്യമാണ്. അതു സാധിക്കുന്നില്ലെങ്കിൽ ശിംശോൻ ദലീലയുടെ മടിയിൽ ചില സുഖങ്ങൾ ആസ്വദിക്കുമ്പോൾ തന്റെ ദൈവീക ശക്തിയുടെ രഹസ്യം നഷ്ടപ്പെട്ടതുപോലെ വിലയേറിയ പലതും നഷ്ടമാകും. ജീവന്റെ നാശത്തിനും അഭിമാനക്ഷതത്തിനും ജീവിതനൈരാശ്യത്തിനും ഇത് കാരണമായിത്തീരും. മനസ്സ് ശാന്തമാക്കി ഒരു നിമിഷം ചിന്തിക്കൂ!!

“കടന്നു പോകുന്ന ഏവരുമായുള്ളോരേ, ഇതു നിങ്ങൾക്ക് ഏതുമില്ലയോ?
( വിലാപങ്ങൾ 1 : 12)




# അഭിനന്ദനങ്ങൾ

ഡൽഹി സെൻറ് സ്റ്റീഫൻസ് കോളേജ് യൂണിയൻ പ്രസിഡൻറ് ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. നിഖിൽ എം. വർഗ്ഗീസിന് ഹോസ്ഖാസ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിൻെറ അഭിനന്ദനങ്ങൾ.

## വേറിട്ട ചിന്തകൾ

ഒരാൾ തന്റെ ജോലിക്കിടയിൽ ശല്യം ചെയ്ത കുട്ടിയെ ഒഴിവാക്കാൻ വേണ്ടി, ഒരു ലോക ഭൂപടം പല കഷണങ്ങളായി കീറിയിട്ടു കുട്ടിയുടെ കൈയ്യിൽ കൊടുത്ത് അവ കൂട്ടിച്ചേർക്കാൻ ആവശ്യപ്പെട്ടു. അയാൾ ജോലിയിലേക്കു തിരിഞ്ഞു. ആ കുട്ടിക്ക് അസാദ്ധ്യം എന്നു കരുതി അയാൾ ജോലി തുടർന്നു. എന്നാൽ അയാളെ അമ്പരപ്പിച്ചു കൊണ്ട് ചുരുങ്ങിയ സമയത്തിനുള്ളിൽ അവൾ അത് ശരിയാക്കി. വളരെ അതിശയത്തോടെ അയാൾ അവളോടു ചേദിച്ചു... ഇതെങ്ങനെ സാധിച്ചു? അവൾ ഒരു കുസൃതിച്ചിരിയോടെ പറഞ്ഞു. ആ ഭൂപടത്തിന്റെ മറുഭാഗത്ത് ഒരു മനുഷ്യന്റെ ചിത്രം ഉായിരുന്നു. യഥാർത്ഥത്തിൽ കുട്ടി ശരിയാക്കിയത് മനുഷ്യന്റെ ചിത്രമായിരുന്നു. അപ്പോൾ സ്വാഭാവികമായി മറുഭാഗത്ത് ലോകം ശരിയായി....

ഇനി വെറുതെ ചിന്തിക്കൂ.. .. ലോകത്തെ ശരിയാക്കാനാണ് കുട്ടി ശ്രമിച്ചതെങ്കിലോ? എളുപ്പമാകുമായിരുന്നില്ല. സത്യത്തിൽ നാം ശ്രമിക്കുന്നതും അതല്ലേ? മാറ്റം നമ്മിൽ നിന്നു തുടങ്ങണം. നമ്മുടെ കുട്ടികളിൽ നിന്ന്.. നമ്മുടെ വീടുകളിൽ നിന്ന്.. അത് സാവധാനത്തിൽ സമൂഹത്തിലേക്ക്... രാഷ്ട്രത്തിലേക്ക്.. .. ലോകത്തിലേക്ക്.. ..

സ്നേഹത്തോടെ, സന്തോഷത്തോടെ, സമാധാനത്തോടെ ജീവിക്കാൻ വേണ്ടി.. .. ..

# BLESSED VIRGIN MARY

**Asha Varghese**



Blessed Virgin Mary, mother of our Lord is believed by many to be the greatest of all Christian saints. Mother Mary as known to most of us, hold a pivotal and key role in modern Christianity. She holds a great intercessory role in Orthodox faith. From the early times of Christianity, the Blessed Virgin Mary, because of her great virtues, her help to the needy, and her preeminent role in God's plan for the salvation of mankind, held a distinct position of admiration and love among Christians.

Mary's life and role in the history of salvation is foreshadowed in the Old Testament, while the Mary is present at almost every major event in the life of Jesus In the New Testament. Traditionally, she was born to Joachim and Anne, who were childless and being very aged, had a little chance at having any. However, not willing to despair, they continued to ask God to send them a child. They made a vow that if they had an infant, they would dedicate that child to the service of God. Owing to their patience and faith, the Lord finally sent them a great joy: Anna had a daughter. The newborn child was given the name of Mary, which means in Hebrew "Mistress-Hope."

When the Virgin Mary became three years old, her God-fearing parents prepared themselves to carry out their vow. They took her to the temple in Jerusalem in order to consecrate her to God. She prayed and read the Scriptures. The Blessed Virgin lived at the temple for approximately eleven years and grew up to be deeply pious and obedient, as well as very modest and industrious, willing only to serve God. When Mary was presented in the Temple, she took a vow to never marry and to remain forever a virgin.

Since Joachim and Anna were in advanced old age, they did not live for long after her presentation to the temple, and the Virgin Mary was left an orphan. When she became 14 according to the law, she could no longer stay at the temple and had to wed. The High Priest, being aware of her vow, but reluctant to violate the law of marriage, formally betrothed to a distant relative of hers, the widowed octogenarian Joseph, who promised to care for her and protect her virginity.

The honoring of the Holy Virgin began from the time when the Archangel Gabriel greeted her with the words: "Rejoice, O Blessed One, the Lord is with Thee! Blessed art Thou among women!" announcing to her the mystery of the conception of the Son of God. A few days later with the words "Blessed is the Fruit of Thy womb," the righteous Elizabeth saluted the pure Virgin. St. Luke explains in his Gospel that the Holy Spirit revealed to Elizabeth that Mary had become the Mother of the Lord, the promised Savior of mankind (Luke 1:28-42).

She was the first who decided to dedicate her whole life to God. She also remained virtually without knowing man because she had submitted herself to be worthy of bearing God, Jesus Christ. She displayed complete self-control and faith in God. In all events, big or small, she invariably manifested the strength and beauty of her virtues: humility, perseverance, patience, courage, hope in the Lord and unbounded love for Him. That is why we Christians hold her in such high esteem and want to emulate her. The Orthodox Church gives utmost respect to St. Mary and she is venerated and her intercesission is requested in all daily prayers. The Orthodox Church expresses reverence toward the Blessed Virgin by the many feast days commemorating the various events in her life. We should always remember our Heavenly Mother of God, St. Mary, our Intercessor at the Lord's Altar, and ask her guidance and protection.

Please send your articles, advertisement and suggestions to :

**The Editor, Youth Vision**
St. Mary's Orthodox Cathedral,
C-3, Safdarjung Development Area, Hauz Khas, New Delhi - 110016

**Tel : 26960242, 26864303, 9911770519**

E-mail : youthvisiondelhi@gmail.com website : www.smorthodoxcathedraldelhi.org

ADVERTISEMENT TARIFF

Normal Size - Rs. 250/- (Birthday, Marriage, Memorial, Aniversary Etc) Medium Size - Rs. 500/- , Quarter Size Inner Page B/W- Rs. 1500/-, Full Page Inner B/W - Rs. 3000/- Colour Half Size Inner Page - Rs. 2500/- Colour Full Size Cover Inner Page - Rs. 5000/- Colour Back Page Full - Rs. 7500/-

# MALANKARA ORTHODOX CHURCH IN 2020

**Alina Sara Samuel**

"In order to carry a positive action we must develop here a positive vision."- Dalai Lama

From a small community then based in Kerala, today the Malankara Orthodox Church has grown into a national church and in some sense, a global church. The Indian Orthodox Church has achieved a lot in the past two decades. But is it not surprising that despite being the oldest church in India, we struggle with an identity crisis. Despite our existence here for centuries, why is the Orthodox way of worship alien to masses. Reforms are needed in every sphere in order to make ourselves more relevant in the coming years. In my opinion the church should:

- **Provide the right direction for its flock.**

The major role of the church is guiding its members in the right path, particularly the youth who are the future of the Church and who are confronted with the challenges posed by a multi-cultural and multi-religious set-up, primarily a phenomenon witnessed outside Kerala. The church should be able to enable its members to live more amply, with greater vision, with a finer spirit of hope and achievement.

- **Crusade against injustice**

"There may be times when we are powerless to prevent injustice, but there must never be a time when we fail to protest."- Elie Wiesel

A church is a body that needs to fight fearlessly against the evils and injustices in the society. The church has a major role in transforming the lives of its believers to become peacemakers, advocates of justice, defenders of human rights, and proponents of the rights of children and women. Our great fathers Parumala Thirumeni, Vattaseril Thirumeni and raised their voice against untouchability and established churches and schools for lower caste people.

- **Use technology in a positive manner**

In today's world where there is a rapid advancement in technology, the Malankara church should not allow its values, customs and rituals to erode and degrade, but at the same time it should not shy away from using the technology at its disposal to attract the youth and help them to know about the rich tradition and culture of our Church.It should use social networking sites to reach out to the youth and the rest of the society. Sites should be updated regularly so that people in each nook and corner of the world can be aware of the various activities undertaken by the church. Apps should be developed having our liturgical songs and worship in different languages so that it is readily accessible to all. Speeches should be uploaded on YouTube and other video sharing websites. Websites should be created to answer queries about faith put forward by the youth and other matters. Online counselling should be available to reach out to those in need of it.



- **Impart amixture of secular and spiritual education**

The Orthodox Church has a lot of institutions for teaching its believers the bible, faith and practices of the church like Sunday school, MGOCSM etc. but these teachings are only centred on the orthodox faith and tradition. Contemporary issues need to be connected with Christian values and ethics and taught to students.

- **Take active participation in ecumenism**

The church should be an active member of ecumenical councils like WCC, NCCI etc in all perspectives. We need to have a positive relationship with all our sister churches especially the Jacobite faction. Many of our church fathers have prayed for a single church with both the factions under one flag. The ongoing intolerance and the simultaneous court cases among the two factions must come to an end.

- **Decentralise missionary activities**

Although the Malankara church is heading a number of missionary activities, most of them are centred in Kerala. The church needs to spread its mission works to other parts of the country like Jammu and Kashmir; north-east regions etc. so as to reach more people and preach the Word of God to them.

We as orthodox Christians must become the salt and light of the world. We must discover ourselves and the meaning of our lives in a society where there is a conglomeration of different cultures and religions. We have been called and set aside for fulfilment of God's purpose of salvation. We must strive to fulfil that promise.

"The Malankara Church of 2020 should be free from internal strife and dissensions. The leaders of the Church should take care of their flock and work for them. The leaders should give up their lives of luxury. They should emulate the lives of saints of Malankara .Let us guard the prestige and glory of the Malankara church zealously; the throne of St. Thomas is our historical legacy.

***(First prize winner – Inter Diocesan Sunday School Competition)***

**MATRIMONIAL**

Orthodox parents seeks alliance for their daughter (23 years, B/B in Kerala, Biomedical engineer) invites proposals from qualified professionals.

**Contact. Nos. 9810185402**

# World Environment Day Celebrations – 5th June

## "We joined the race to make the world a better place....."




**St.Mary's Orthodox Christian Youth League, Hauz Khas Celebrated the World Environment Day by planting trees at the new plot of St.Paul's School, Ayanagar. Rev.Fr.Johnson Iype - Asst.Vicar, Office Bearers of the Youth League and the Cathedral led the programme.**



## Random Snaps of the Event.....









# Adieu to a pen warrior

**Santosh K Joy**

He was a journalist, a teacher, a writer, an ardent faithful and mentor to many youngsters.He lived a life which we witness very rarely amid us. Renowned journalist Sunny Thomas (July 10, 1945 - June 21, 2016) passed away in Cochin, Kerala. The news came to Delhi as a shocker to many as he was in the middle of the promotion of his new book. He lived an active life of a pen warrior till the last breath.



He was born in Kerala in 1945, started his career with The Indian Express, Bombay, and later migrated to Delhi. His professional experience spans three decades in the print medium. After an extended spell with The Economic Times, Mr. Thomas was senior editor with The Times of India, Delhi before moving into an active and innovative second career in academics.

He was a visiting faculty member of Delhi University and later he among the founding team of the Times of School of Journalism. He was popular for his novel method of interactive teaching and have also written several books for Journalism students. He is the author of books Women of Destiny-Truth, Images & Distortions; A View of the Indian Press; Jimmy Carter: From Peanuts to Presidency, Seventh Sense – an answer to Da Vinci Code and Behold a Saint.

He was the founder secretary of the Indian Orthodox Diaspora Movement of the Delhi Diocese and was bestowed the responsibility of beefing up translation and publishing of liturgical and faith books by Late Lamented His Grace Job Mar Philoxenos as he was given charge for the newly formed spiritual organisation.


He is survived by his wife and two children. His home parish is Thumpamon St Mary's Cathedral and the last rite will be performed in the home parish on Saturday. Condoling his death Metropolitan His Grace Youhanon Mar Demetrios has said that the Sunny was a brilliant human being who inspired many youngsters to take up the challenging career of writing and journalism. He will remembered as a warrior of words.

May the memory and work of Sunny Thomas inspire and facilitate many more youngsters to take up the path writing, researching and exploring newer avenues with words and texts. May his soul rest in peace.



അന്തരിച്ച പ്രമുഖ ജേർണലിസ്റ്റ് സണ്ണി തോമസിനോടുള്ള ആദരസൂചകമായി സംഘടിപ്പിച്ച അനുസ്മരണയോഗത്തിൽ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ യൂഹാനോൻ മാർ ദിമെത്രിയോസ് മെത്രാപ്പോലീത്താ പ്രസംഗിക്കുന്നു.

# NEWS



ഹോസ്ഖാസ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം സംഘടിപ്പിച്ച മാർത്തോമ്മൻ സ്മൃതി എന്ന അനുസ്മരണസമ്മേളനം സേവ് ചിൽഡ്രൻ ഇന്ത്യ സിഇഒ ശ്രീ. തോമസ് ചാണ്ടി ഉത്ഘാടനം നിർവഹിച്ചു. വികാരി ഫാ. ഷാജി ജോർജ്, വൈസ് ചെയർമാൻ അലക്സാണ്ടർ ഡാനിയേൽ ഐപിഎസ്, യുവജനപ്രസ്ഥാനം ജോ. സെക്രട്ടറി ശ്രീമതി ഷീന അനിൽ എന്നിവർ സമീപം



ഹോസ്ഖാസ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ പരുമല കാൻസർ സെൻററിനായുള്ള പത്തു ലക്ഷം രൂപയുടെ ധനസഹായം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് വികാരി ഫാ. ഷാജി ജോർജ് കൈമാറുന്നു. ഡൽഹി ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് മെത്രാപ്പോലീത്താ, കത്തീഡ്രൽ സെക്രട്ടറി ശ്രീ. വി. എം. മർക്കോസ് എന്നിവർ സമീപം.

# കത്തീഡ്രലിൻെറ അഭിമാനഭാജനങ്ങൾ



അലീനാ സാറാ ശമുവേൽ
ഉപന്യാസമത്സരം
സൺഡേസ്കൂൾ വിജ്ഞാനി



ബിനോ വി മാത്യൂ
സംഗീതം
സൺഡേസ്കൂൾ ഗാനസുഗന്ധി

നാഗ്പൂരിൽ വച്ച് നടന്ന ബാഹ്യകേരളഭദ്രാസനതല കലാമത്സരങ്ങളിൽ ഡൽഹി ഭദ്രാസനത്തെ പ്രതിനിധികരിച്ച് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഹോസ്ഖാസ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൻെറ പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ

# അഭിനന്ദനങ്ങൾ



Ajin Alex
Gautam Nagar



Titu Thomas David
Aya Nagar



Rijin Thomas Raju
Madangir



Rejoys John
Sheikh Sarai



Shruthi Varghese
Mahavir Enclave



Justy C Oommen
Pushpa Vihar

2015-16 അക്കാഡമിക് വർഷത്തിൽ 12-ാം ക്ലാസ്സിൽ വിജയം നേടിയവർ

# യാത്രമംഗളങ്ങൾ



ഉദ്യോഗാർത്ഥം അമേരിക്കയിലേക്ക് താമസം മാറിയ ഹോസ്ഖാസ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം മുൻ ട്രഷറാർ ശ്രീ. സോട്ടർ എ.പിയ്ക്കും കുടുംബത്തിനും യാത്രമംഗളങ്ങൾ നേരുന്നു.

# ജന്മദിനാശംസകൾ
## 7/8/2016



**ഹന്നാ മേരി ജീബോ**




ഹോസ്ഖാസ് സെന്റ്മേരീസ് കത്തീഡ്രൽ പെരുന്നാളാഘോഷങ്ങളുടെ തുടക്കമായി നടന്ന കൊടിയേറ്റ്



ഡൽഹി ഭദ്രാസന മെഡിക്കൽ ഫെലോഷിപ്പ് പ്രവർത്തകർ 'നഴ്സസ് ഡേ' യോടനുബന്ധിച്ചു നിർമ്മൽ ജ്യോതി ആശ്രമം സന്ദർശിച്ചപ്പോൾ



ജൂലൈ 14ന് പഴയസെമിനാരിയിൽ വച്ച് നടന്ന ഡൽഹി തലമുറസംഗമത്തിൽ പങ്കെടുത്തവർ




ഡൽഹി ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ഭാഗമായി അരാവലി പ്രകാശഗിരി ഗവൺമെന്റ് വിദ്യാലയത്തിൽ നടന്ന സൗജന്യ നോട്ട് ബുക്ക് വിതരണം.



ഹോസ്ഖാസ് സെന്റ്മേരീസ് കത്തീഡ്രൽ യുവജന പ്രസ്ഥാനത്തിന്റെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഒന്നായ സൗജന്യ ഭക്ഷണ വിതരണത്തിൽ നിന്നും.

# പാവനസ്മരണയ്ക്ക്



**നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവർ വലഭാഗത്തിൽ**

# ആദരാഞ്ജലികൾ

## 10 – 08 – 2016



അമ്മിണി വർഗ്ഗീസ് (74)
കോയിപ്പുറത്ത്, വഴുവാടി


CUSTOMER CARE No.09313975415
AARON'S
AARON PNEUDRAULICS:-
MANUFACTURES & EXPORTERS OF:
COMPLETE RANGE OF HYDRAULIC & PNEUMATIC SYSTEM, ALL TYPE OF SPECIAL PURPOSE MACHINES, FLY ASH BRICKS MANUFACTURING PLANT,VIBRATING TABLE, TILE PRESS & ALLIED CONSTRUCTION EQUIPMENTS ETC...
AARON TECHNOLOGIES :-
DEALS IN COMPLETE RANGE OF : HYDRAULICS, PNEUMATICS, NON FERROUS ALLOYS, INDL VALVES, BOILER MOUNTINGS, PIPE AND FITTING, HONED TUBES AND PISTON ROD & ALL TYPES OF INDL. PRODUCTS ETC...
WORKS & OFFICE:- CSC-7&8 (OPP.F-97), MAYAPURI INDUSTRIAL AREA, PHASE-2, NEW DELHI – 64
M. 09350842542/09213566375/09718981209
PHONES:- 011-42375415, 45515416, 28114372, R: 011-65821475
E-MAIL: aarontechnologies1970@gmail.com/aaronpneudraulics@gmail.com
WEBSITE: www.aarontechnologies.net/www.aaronpneudraulics.net

# AN APPEAL



Dear Friends in Christ,

The Delhi Orthodox Syrian Church Society was registered with the three-fold aim of establishing places of worship, educational institutions and health care facilities. The Society holds a rich history of 61 years of its existence and maintains a good name in its multifaceted service oriented activities.

St. Mary's Orthodox Christian Youth League, the youth wing of St. Mary's Orthodox Cathedral has been working for the spiritual and social development of our youth, the Church and the society at large. The Youth League is instrumental in coordinating the complete charity work of the Cathedral, blood donation camps, study classes and health awareness camps.

The charity activities of the Youth League include providing medical care to the needy patients, supporting education of students in schools and professional colleges. Financial assistance is also being provided for **House Construction**. We are also sponsoring children at the Balagrams and other child welfare schemes of the Church and also the charitable activities of the Delhi and other dioceses. Our Youth League is also running a free education programme for about 70 slum children in a class room constructed at the Malviya Nagar Balmiki slum area, Malviya Nagar.

Medical and blood donation camps are being organised at regular intervals. The Youth League also helps job seekers to get employment. Further, every year, a substantial amount of money is being utilised for the marriage who can't afford the expenses. Quite a few are benefitting from the monthly pension scheme of the Youth League, which includes widows and those who are bedridden. We also extend a helping hand to those who are suffering due to natural calamities. The cancer aid fund, aid for kidney patients were able to help a large number of people.

We are able to carry out these activities with your kind support prayers and contributions. We are pleased to inform you that financial assistance worth **Rs. 1,900,000/- (Nineteen Lakhs)** was disbursed last year. A major part of our income is from the generous contributions of individuals. The Youth Week celebration, Christmas Carol and charity box collection, birthday and wedding anniversary donation, cake sale during the Christmas time are the source of our income. We are planning to scale up our charitable activities and look forward to your prayerful support and cooperation in this endeavour.

Yours in His service

Rev. Fr. Shaji George
President

# BOOK BANK-CUM-ATM

**St. Mary's Orthodox Christian Youth League, Delhi,** the youth wing of the St. Mary's Orthodox Cathedral, Hauz Khas believes that every child has the right to enjoy the latest good books with stories, adequate stationery items needed for studies and text books and note books familiar to their friends and peers.


We believe that access to books to every child is a basic right and it is our responsibility to make that happen. As an organization deeply interested in the overall welfare of our children, our mission is to see that every child in our Cathedral and School has equal opportunities to the above facilities. With the above objective in mind, we are appealing to our children and parents to:

- **Please donate books, pens, pencils, erasers, geometry boxes, colour pencils...**
- **Donate class books (notes and texts) that you may have no need because you have moved on to another class..**
- **Donate novels and other non-fiction books that you may have finished reading....**
- **Dictionaries and encyclopedia....**
- **Celebrate children's birthdays by donating NEW and LATEST books....**

Year after year, the Youth League helps many in their financial needs, food, education, health, marriage etc...... All this is made possible only through the generous funding and support that we have received from the members of our Cathedral.

Your support in this new endeavor of ours will be highly appreciated.

Thank you in advance in your help in strengthening our new BOOK BANK-CUM-ATM!



**For any further details, please contact:**
**Mr. Alex (Secretary) - 8882221575**
**Mr. Abey (Treasurer) - 8586022995**